മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 29 | THE ONLINE OFFICIAL NEWS BULLETIN | 2024 June 27

SEASON OF PENTECOST പെന്തിക്കോസ്തികാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
♪5 30 6th Sunday after Pentecost Feast of the Twelve Apostles	♪1 1	♪5 2	♪8 3 ✝ Dukrono d-Thomo Comme. of St. Thomas the Apostle	♪5 4	♪1 5 72 Evangelists 215th Mem. of Marthoma VII (Kolenchery Palli)	♪5 6

സർക്കാർ നാടകം അവസാനിപ്പിക്കണം: ഓർത്തഡോക്സ് സഭ

ദേവലോകം; രാജ്യത്തിന്റെ പരമോന്നത നീതിപീഠമായ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി നടപ്പിലാക്കുവാൻ ശ്രമിക്കാതെ, സർക്കാരും പോലീസ് വകുപ്പും ചേർന്ന് ഒരുക്കുന്ന നാടകം ഇനിയെങ്കിലും അവസാനിപ്പിക്കണമെന്ന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മാധ്യമ വിഭാഗം പ്രസിഡൻറ് ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്താ പറഞ്ഞു.

അങ്കമാലി, തൃശൂർ ഭദ്രാസനങ്ങളിലെ ആറ് പള്ളികളിൽ സുപ്രീം കോടതിയുടെ വിധി നടപ്പാക്കണമെന്ന ഹൈക്കോടതിയുടെ ശക്തമായ നിർദ്ദേശം പാലിക്കുവാൻ സർക്കാരിന് ഇതുവരെ സാധിക്കാത്തത് നിയമവ്യവസ്ഥയോടുള്ള പ്രത്യക്ഷമായ അവജ്ഞയും, അവഹേളനവുമാണ്.

വിധി നടപ്പാക്കുന്ന ദിവസം നേരത്തെ തന്നെ പാത്രിയാർക്കീസ് വിഭാഗത്തെ അറിയിക്കുകയും, വിധി നടത്തിപ്പിനെ പ്രതിരോധിക്കാൻ ആൾക്കൂട്ടത്തെ എത്തിക്കുവാനുമുള്ള സാവകാശവും, അവസരവും നൽകുകയും ചെയ്തുകൊണ്ടാണ് ഈ നാടകം അരങ്ങേറുന്നത്.

കരുതിക്കൂട്ടി ഒരു സംഘർഷാവസ്ഥ സൃഷ്ടിച്ച്, കോടതിവിധി നടപ്പാക്കുന്നത് തടസ്സപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമമായിട്ടേ ഇതിനെ കാണാൻ കഴിയൂ. കുഞ്ഞുങ്ങളെയും സ്ത്രീകളെയും പ്രതിരോധത്തിനായി മുന്നിൽ നിർത്തണമെന്ന് ഓഡിയോ സന്ദേശങ്ങൾ സാമൂഹിക മാധ്യമങ്ങൾ വഴി പാത്രിയർക്കീസ് വിഭാഗത്തിലെ വൈദികരും മറ്റും പ്രചരിപ്പിക്കുന്നതിന്റെ നിരവധി തെളിവുകൾ ലഭ്യമാണ്. അധികൃതർ ഇത് കണ്ടില്ലെന്ന് നടിക്കുന്നത് പക്ഷപാതപരമായ സമീപനമാണ്. ഇത് രാജ്യത്തിൻറെ നീതിന്യായ വ്യവസ്ഥയോടുള്ള വെല്ലുവിളിയാണെന്നും അദ്ദേഹം പറഞ്ഞു.



ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ ജർമനിയിലെ സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയുടെ സ്റ്റുട്ടഗാർട്ട് നഗരത്തിലെ വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. സ്റ്റുട്ടഗാർട്ടിൽ നിന്നും സമീപ നഗരങ്ങളിൽ നിന്നും വി. കുർബ്ബായ്ക്ക് വിശ്വാസികൾ സംബന്ധിച്ചു.



തിരുവല്ല എംജിഎം ഹയർസെക്കൻഡറി സ്കൂളിൽ പുതിയതായി നിർമ്മിച്ച സിൽവർ ജൂബിലി ലൈബ്രറി ഹോളിന്റെ ഉദ്ഘാടനവും, ഉന്നത വിജയം കൈവരിച്ച വിദ്യാർത്ഥികൾക്കായുള്ള അനുമോദനം അവാർഡ് വിതരണവും കാതോലിക്കേറ്റ് & എം.ഡി. സ്കൂൾസ് കോർപ്പറേറ്റ് മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് നിർവഹിച്ചു.

മഴുവന്നൂർ പള്ളിക്കേസ്: അപ്പീൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളി

കൊച്ചി: മഴുവന്നൂർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയുടെ കേസിൽ മലങ്കര ഓർത്തഡോക്സ് സഭാ വികാരിക്കും വിശ്വാസികൾക്കും പോലീസ് സംരക്ഷണം അനുവദിച്ച ഹൈക്കോടതി സിംഗിൾ ബെഞ്ച് വിധിക്കെതിരെ വിഘടിത വിഭാഗം ഫയൽ ചെയ്ത അപ്പീൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളി ഉത്തരവായി. സ്ത്രീകളും കുട്ടികൾ ഉൾപ്പെടെ വിധി നടത്തിപ്പിന് തടസ്സം നിൽക്കുന്നുവെന്ന് കേരള പോലീസ് വാദിച്ചപ്പോൾ അവകാശികൾ അല്ലാത്തവരെ എന്തിനു ദേവാലയത്തിനു ഉള്ളിൽ കയറ്റാൻ അനുവദിക്കുന്നു? എന്നു കോടതി ചോദിച്ചു.

പള്ളിത്തർക്കം: വിധി നടപ്പാക്കാത്തത് ഭരണ സംവിധാനങ്ങളുടെ പരാജയമെന്ന് ഹൈക്കോടതി

കൊച്ചി: യാക്കോബായ – ഓർത്തഡോക്സ് പള്ളിത്തർക്കത്തിൽ സംസ്ഥാന സർക്കാരിനെതിരെ രൂക്ഷ വിമശനവുമായി ഹൈക്കോടതി. വിധി നടപ്പാക്കാത്തത് ഭരണ സംവിധാനങ്ങളുടെ പരാജയമെന്നും സർക്കാർ നടപടികൾ പ്രഹസനമെന്ന് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ വിമർശിച്ചു. ഉത്തരവ് നടപ്പാക്കുന്നതിനെ എതിർക്കുന്ന യാക്കോബായ വിഭാഗം കോടതിയലക്ഷ്യമാണ് നടത്തുന്നതെന്നും ഹൈക്കോടതി പരാമർശിച്ചു. കടുത്ത ക്രമസമാധാന പ്രശ്നം ഉണ്ടാകുമെന്ന് സർക്കാർ കോടതിയിൽ പറഞ്ഞു. വിധി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ പൊലീസ് സ്വീകരിക്കുന്നില്ലെന്ന് ഓർത്തഡോക്സ് സഭ കുറ്റപ്പെടുത്തി.

സ്ഥലത്ത് ഏഴ് മണിക്കൂർ മാത്രമാണ് പൊലീസ് ഉണ്ടായിരുന്നതെന്നും പിന്നീട് അവർ തിരിച്ചുപോയെന്നും പറഞ്ഞ ഹൈക്കോടതി നാളെ സംസ്ഥാന സെക്രട്ടേറിയേറ്റ് ഇങ്ങനെ വളഞ്ഞാൽ നിങ്ങൾ ഇത് തന്നെയാണോ ചെയ്യുകയെന്നും ചോദിച്ചു. വെറും പ്രഹസനമാണ് ഇതൊക്കെയെന്ന് കോടതി കുറ്റപ്പെടുത്തി. കേസ് വീണ്ടും അടുത്ത മാസം എട്ടിന് പരിഗണിക്കാനായി മാറ്റി.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

 പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ



1919-നു കൊല്ലം 1095-ാമാണ്ടു വൃശ്ചികം 5-നു മുതലുള്ള ഡയറി ബുക്ക്

171. ചേലക്കര പള്ളി വികാരി പനയ്ക്കൽ യാക്കോബു കത്തനാർക്കു.

പ്രിയനെ, നാം സർക്കീട്ടിൽ എറണാകുളത്തു താമസിക്കുമ്പോൾ ചേലക്കര പള്ളിയുടെ കൈസ്ഥാനത്തെ സംബന്ധിച്ചും മറ്റും കൈക്കാരൻ മുതലായി ചിലർ നമ്മുടെ അടുക്കൽ വന്നു ചിലതൊക്കെ ബോധിപ്പിക്കയും യോഗത്തെ കൂട്ടി യോഗത്തിന്റെ അഭിപ്രായം നമ്മെ അറിയിക്കുന്നതിനു വേണ്ടിയും മറ്റും നമ്മുടെ തെക്കേക്കര കുറിയാക്കോസു കത്തനാരെ കല്പനയോടു കൂടെ അവിടേക്കയയ്ക്കയും ചെയ്തതനുസരിച്ചു യോഗാഭിപ്രായം നമ്മുടെ പേർക്കു എഴുതി അയയ്ക്കയുണ്ടായിട്ടുണ്ട്. അതനുസരിച്ചു നാം അയച്ച കല്പനയിൽ അടുത്ത മേടം മുതൽ താത്രക്കൽ വറീതു ഇയ്യുവിനെ കൈസ്ഥാനജോലി ഏല്പിച്ചുകൊള്ളണമെന്നാണല്ലോ നാം വിവരിച്ചിട്ടുള്ളത്. എന്നാൽ ടി വറീതു ഇയ്യു അന്നു ശട്ടം കെട്ടിയിരുന്നപ്രകാരം ഇതുവരെയായിട്ടും പള്ളി വകയായ സ്ഥലത്തെ നിശ്ചയിച്ചു എഴുതി കൊടുക്കേണ്ടിയിരുന്ന തീറും വാങ്ങീട്ടും എഴുതികൊടുത്തില്ലെന്നും ടിയാനെക്കൊണ്ടു ... കൊടുപ്പിക്കണമെന്നു കല്പനയ്ക്കു വിപരീതവും ന്യായപൂർത്തിക്കു ഒക്കാത്തതുമായ ചില നടപടികൾ നടക്കുന്നതുകൊണ്ടും കുഴപ്പങ്ങൾക്കു ഇടയാക്കുമെന്നുള്ളതുകൊണ്ടും ടി വറീത് ഇയ്യുവിനെ കൈസ്ഥാനമേല്പിക്കണമെന്നുള്ള കല്പനയെ ഭേദപ്പെടുത്തി പനയ്ക്കൽ ഉട്ടൂപ്പിനെ ... ഏല്പിക്കത്തക്കവണ്ണം കല്പന അയയ്ക്കണമെന്നും മറ്റും പുലിക്കോട്ടിൽ ചാക്കുണ്ണി വറിയതു മുതലായ ഇടവകക്കാർ ഈ മാസം 8-നു നമ്മുടെ അടുക്കൽ അപേക്ഷ അയച്ചിരിക്കുന്നു. ഇതിനെ സംബന്ധിച്ചു ടി വറിയതു ഇയ്യുവിനു വല്ലതും സമാധാനം ബോധിപ്പിപ്പാനുണ്ടെങ്കിൽ ടിയാനോടു ചോദിച്ചറിഞ്ഞു വിവരത്തിനു നമുക്കു എഴുതി അയക്കണം. തന്റെ മറുപടി വന്നതിനു ശേഷം ഇടവകക്കാരുടെ അപേക്ഷയെ സംബന്ധിച്ചു നാം തീർച്ചപ്പെടുത്തി കല്പന അയക്കുന്നതാണ്. എന്ന് 1920-നു 1095 ധനു 28-നു വടക്കൻ മണ്ണൂർ പള്ളി.

172. കയ്യാലാത്തു ചാക്കോച്ചനു. നാം സിമ്മനാരിയിൽ എത്തുന്നതു വരെ അവധി എടുക്കരുതെന്നും മറ്റും. 1920-നു 1095 ധനു 29-നു വടക്കൻമണ്ണൂർ പള്ളി.

173. വി. ജി. ജോർജ്ജിനു. ടി സംഗതി സംബന്ധിച്ചും മറ്റും. 1920-നു 1095-ാമാണ്ടു ധനു മാസം 29-നു വടക്കൻമണ്ണൂർ പള്ളിയിൽ നിന്നും.

174. കരപ്പള്ളിൽ തോമ്മസു കത്തനാർക്കു. സി. പി. പി. ക്കെ കമ്പനി ചിട്ടിയെ സംബന്ധിച്ച എഴുത്തു സഹിതം അടക്കം ചെയ്തും മേപ്രായിക്കു പോകുന്നതിനു വള്ളം അയച്ചുതരണമെന്നും. മകരം 4-നു. ടി സ്ഥലം.

175. വാകത്താനത്തു പള്ളിയിലെ കശ്ശീശന്മാർക്കു. ആ പള്ളിക്കാര്യങ്ങൾ കേട്ടു തീരുമാനിപ്പാനായി വേണ്ടപ്പെട്ട ആളുകൾ കണക്കും കൊണ്ടു ഇവിടെ എത്തണമെന്നു. ടി തീയതി. ടി സ്ഥലം.

176. കുറിച്ചി പള്ളിയിലെ കശീശ്ശന്മാർക്കു. വൈദിക വിദ്യാഭ്യാസം വക പിരിവു സംഖ്യ ഉടനെ എത്തിച്ചുതരണമെന്നു. ടി തീയതി. ടി സ്ഥലം.

177. പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശനു. ഞാലി കത്തനാർ നമ്മുടെ ഭാഗം ചേർന്നതു അറിഞ്ഞു എന്നും മുടക്കു തീർക്കുന്നതുവരെ കർമ്മം നടത്താതിരിക്കണമെന്ന് അയാളെ ധരിപ്പിക്കണമെന്നും. ടി തീയതി. ടി സ്ഥലം.

178. പീടികയിൽ മൂപ്പച്ചനു. വാദ്ധ്യാർ വശം അയച്ച എഴുത്തു കിട്ടിയെന്നും കൺവൻഷനു വരണമെന്നു വിചാരിച്ചിരിക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

179. ഇ. ജെ. ഫീലിപ്പോസ് വക്കീലിനു. പീലിപ്പോസിന്റെ അനിയൻ കോട്ടയത്തുകാരൻ ഒരുവന്റെ ... 1095 മകരം 1-നു. കോട്ടയം സിമ്മനാരി.

181. ആർത്താറ്റു കുന്ദംകുളം പള്ളികൾക്കു. ചെറുവത്തൂർ ഗീവറുഗീസ് കത്തനാരുടെ മുടക്കിനെ തീർത്തു കല്പന കൊടുത്തു. മകരം 6-നു. ടി സ്ഥലം.

182. ആർത്താറ്റു കുന്ദംകുളം പള്ളികളിലെ കശീശ്ശന്മാർക്കു. ചെറുവത്തൂർ ഗീവറുഗീസ് കത്തനാരുടെ മുടക്കു തീർത്തിരിക്കുന്നതിനാൽ ഊഴമനുസരിച്ചു അയാളെക്കൂടി ചേർത്തു ക്രമപ്രകാരം നടക്കണമെന്നു. ടി തീയതി. ടി സ്ഥലം.

183. മേപ്രാൽ പള്ളിക്കാർക്കു. അടുത്ത വെള്ളിയാഴ്ച അവിടെ എത്തുന്നതാണെന്നു. മകരം 7-നു. ടി സ്ഥലം.

184. കണിയാന്ത്ര വല്യപറമ്പിൽ യൗസേപ്പിനു. അടുത്ത വെള്ളിയാഴ്ച മേപ്രാൽ എത്തുന്നതാണെന്നു. ടി തീയതി. ടി സ്ഥലം.

185. വള്ളക്കാലിൽ ഇട്ടിച്ചെറിയയ്ക്കു. സ്കൂളിന്റെ സംഗതിക്കു ഇത്രടം വന്നുചേരണമെന്നു. മകരം 7-നു. ടി സ്ഥലം.

186. പീലക്സിനോസു മെത്രാച്ചനു. വട്ടമല ശെമ്മാശനു കത്തനാരുപട്ടം കൊടുക്കണമെന്നു. മകരം 7-നു. ടി സ്ഥലം.

187. സി. റ്റി. ഗീവറുഗീസു മുതലാളിക്കു. അറപ്പുരയിൽ കത്തനാരോടു വീണ്ടും സമാധാനം ആവശ്യപ്പെട്ടിട്ടുണ്ടെന്നും മറ്റും. 1920-നു 1095 മകരം 9-നു കോട്ടയം സിമ്മനാരി.

188. കെ. വി. ഈപ്പൻ വക്കീലിനു. ബാലികാമഠം സ്കൂളിൽ മദാമ്മമാരെ വരുത്തി പഠിപ്പിക്കുന്നതിനെ സംബന്ധിച്ചും മറ്റും. 1920-നു 1095 മകരം 9-നു കോട്ടയം.

189. പുലിക്കോട്ടിൽ ശെമ്മാച്ചനു. ഞാലി കത്തനാർ, പണം മുതലായവ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

190. കരപ്പെള്ളിൽ കത്തനാർക്കു. ... ചിട്ടി രസീതയക്കുന്നുയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

191. സി. റ്റി. കോശി മുതലാളിക്കു. അറപ്പുരയിൽ കത്തനാരെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

192. പനയ്ക്കൽ ചേറു ചാക്കുവിനു. കിഴക്കേ പുത്തൻപള്ളിയുടെ പണിയെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

193. പയ്യമ്പെള്ളിൽ മൂപ്പച്ചനു. പുന്നവേലിക്കാര്യം കേൾക്കുന്നതിനു കാരയ്ക്കലോ മറ്റോ എത്തണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

194. പാറേട്ടു ശെമ്മാച്ചനു. ടിയാൻ വാകത്താനത്തു എത്തി പട്ടമേൽക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

195. പഴവുമാലിൽ പാപ്പിക്കു. കല്യാണസംഗതിയിൽ സന്തോഷിക്കുന്നുയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

196. പണിക്കരു കത്തനാരച്ചനു. വർത്തമാനങ്ങൾക്കും ബഥനി സംബന്ധിച്ചും. 1095 മകരം 9-നു. കോട്ടയം സിമ്മനാരി.

197. വാളനടിയിൽ സ്കറിയാ കത്തനാർക്കു. ശെമ്മാശന്റെ സൗഖ്യത്തിൽ സന്തോഷിക്കുന്നുയെന്നും മറ്റും. 1920-നു 1095 മകരം 9-നു കോട്ടയം.

198. നെല്ലിമൂട്ടിൽ അലക്സാണ്ടർ മുതലാളിക്കു. അവകാശമുറയ്ക്കുന്ന സംഗതിയിൽ പ്രവേശിക്കരുതെന്നും അറപ്പുരയിൽ കത്തനാരുടെ സംഗതി നാം തീർച്ചപ്പെടുത്തുന്നതാണെന്നും. ടി തീയതി. ടി സ്ഥലം.

199. അറപ്പുരയിൽ ഗീവറുഗീസു കത്തനാർക്കു. പ്രിയനെ, ഈ മാസം 1-നു താനയച്ച എഴുത്തു കിട്ടി. തന്നെ സംബന്ധിച്ചോ വേറെ ഏതെങ്കിലും ഒരു പട്ടക്കാരനെ സംബന്ധിച്ചോ ആരെങ്കിലും സത്യമായിട്ടോ അസത്യമായിട്ടോ പരാതി അയച്ചാൽ അതുകളെ സംബന്ധിച്ചു പട്ടക്കാരനാണെങ്കിലും സമാധാനം പറവാനുണ്ടെങ്കിൽ ആ സമാധാനം എഴുതി അയച്ചു വരുത്തിയതിനു ശേഷം ഹർജിക്കാരെയും ഹർജികളെയും സംബന്ധിച്ചു വിചാരണ ചെയ്യുകയല്ലയോ ന്യായവും പട്ടക്കാർക്കു ബഹുമാനവും. ആ വിധത്തിൽ തന്നെക്കുറിച്ചു വന്നിരിക്കുന്ന പരാതിയെ സംബന്ധിച്ചു തനിക്കു എഴുതി അയച്ചതാണ്. അറിവാൻ വേണ്ടി നാം കല്പന അയച്ചാറെ ഈ വിധത്തിൽ താൻ മറുപടി അയച്ചതിൽ നാം അതിശയിക്കുന്നു. താൻ കുറ്റം ചെയ്തെങ്കിലും ഇല്ലെങ്കിലും അതിനെ ലഘുപ്പെടുത്തുവാനായിരിക്കാം താൻ ഈ വിധത്തിൽ മറുപടി അയച്ചത്. ക്ഷോഭജനകമായ ഈ വിധത്തിലുള്ള തന്റെ മറുപടി തന്റെ കുറ്റങ്ങളെ വർദ്ധിപ്പിക്കയല്ലാതെ കുറയ്ക്കുന്നതാണെന്നു നാം വിചാരിക്കുന്നില്ല. താൻ ഈ വിധത്തിൽ എഴുതിയാലും എങ്ങിനെ വിചാരിച്ചാലും നമുക്കുള്ള ചുമതലപ്രകാരം നാം ചെയ്യാനുള്ളത് ചെയ്യാതിരിപ്പാൻ നിവൃത്തിയില്ല. അതിനാൽ തന്റെ എഴുത്തിൽ പറയുന്ന സമാധാനങ്ങൾ തന്റെ കുറ്റമില്ലായ്മയെ തെളിയിപ്പാൻ എത്രമാത്രം ഉപകരിക്കുമെന്നറിയാൻവേണ്ടി താഴെ പറയുന്ന ചോദ്യങ്ങൾക്കു താൻ ഉടനെ മറുപടി അയച്ചുതരണം.

1. പാലവേലിൽ പീലിപ്പോസിന്റെ മകന്റെ കല്യാണം കഴിഞ്ഞ 25 നോമ്പിന്റെ തലനോമ്പ് ദിവസമായ വൃശ്ചികം 29-നു സുറിയാനി കണക്കിനു ധനു 1-നു ഞായറാഴ്ച തൂവയൂർ പുത്തൻപള്ളിയിൽ വെച്ചു നടന്നുയെന്നു തനിക്കറിവുള്ളതായി താൻ സമ്മതിക്കുന്നുണ്ടല്ലോ. ടി പീലിപ്പോസു തന്റെ ഇടവകപ്പള്ളിയായ കണ്ണങ്കോട്ടു പള്ളി ഇടവകക്കാരനും ടിയാന്റെ കല്യാണം നടന്നതു താൻ കൂടെ നടത്തുന്ന തൂവയൂർ പുത്തൻപള്ളിയിൽ വെച്ചുമായിരുന്നതായി അംഗീകരിക്കുകയും ചെയ്ത സ്ഥിതിക്കു ടി ... എന്തുകൊണ്ടും ടി കല്യാണം കഴിപ്പിച്ചതു ... മൂപ്പച്ചനാണു ... ഇവിടെ പറയുന്നു ... 5. തെരുവത്തു മൂപ്പച്ചൻ തന്നെക്കാൾ വളരെ വയസ്സു കൂടിയ ഒരാളാണെങ്കിലും താൻ കൂടെ ടി പള്ളിയിൽ ഉണ്ടായിരുന്നെങ്കിൽ ടി പ്രവൃത്തി നിയമലംഘനവും ചെയ്തുകൂടാത്തതുമാണെന്നു അഞ്ചൽ മൂപ്പച്ചനോടു ഗുണദോഷിക്കയുണ്ടായോ? ടി പീലിപ്പോസു എന്നവൻ കണ്ണങ്കോട്ടു ഇടവകക്കാരനായിരിക്കുമ്പോൾ അവനെക്കൊണ്ടു കല്യാണം കഴിപ്പിക്കുന്നതിനു കണ്ണങ്കോട്ടു പള്ളിയിലെ വേറെ ഏതെങ്കിലും പട്ടക്കാരുടെ കുറി ടിയാൻ ഹാജരാക്കുകയുണ്ടായോ? അതോ കണ്ണങ്കോട്ടു പള്ളിയിലെ ഒരു പട്ടക്കാരനായ താൻ കൂടെ ഉണ്ടായിരുന്നതിനാൽ കുറി ആവശ്യപ്പെടാതിരുന്നതാണോ? മേൽപറഞ്ഞ ചോദ്യങ്ങൾക്കു ഉടനെ മറുപടി അയച്ചു തരണം. ടി കല്യാണം കഴിപ്പിച്ചതു ടി തെരുവത്തു മൂപ്പച്ചനാണെന്നു തന്നിൽനിന്നു ഇപ്പോൾ നമുക്കു കിട്ടിയിരിക്കുന്ന അറിവിൻപ്രകാരം മൂപ്പച്ചന്റെ പേർക്കു നാം കല്പന അയയ്ക്കുന്നുണ്ട്. ഈ സംഗതിയിൽ മൂപ്പച്ചനു പറവാനുള്ള സമാധാനം എന്താണെന്നു കേൾപ്പാൻ വേണ്ടിയാണു മൂപ്പച്ചന്റെ പേർക്കു കല്പന അയയ്ക്കുന്നത്. .... ഉമ്മൻ ഗീവറുഗീസ് എന്നു പേരുവെച്ച് നമുക്കയച്ചിരിക്കുന്നതായ ഹർജിയെപ്രതി അയച്ച എല്ലാ എഴുത്തും ഉമ്മൻ ഗീവറുഗീസെന്നുള്ള പേരുവെച്ചു ... എഴുത്തു വന്നിട്ടുണ്ട്. ഇങ്ങനെ ഒരു എഴുത്തു വന്നിട്ടുള്ളതിനാൽ ടി ഉമ്മൻ വറുഗീസിലുള്ള വിശ്വാസത്താലോ ടി ഗീവറുഗീസിന്റെ ഹർജിയെ അടിസ്ഥാനപ്പെടുത്തിയോ അയച്ചപ്പോൾ ഈ കല്പന തന്റെ പേരിൽ നാം അയയ്ക്കുന്നതു, തന്റെ എഴുത്തിൽ താൻ സമ്മതിച്ചിരിക്കുന്ന സംഗതികളെ അടിസ്ഥാനപ്പെടുത്തിയാണ്. ഉമ്മൻ ഗീവറുഗീസിന്റെ ഹർജി കൂടാതെ വേറെയും ഹർജികൾ ഈയിടെ നമുക്കു കിട്ടിയിട്ടുണ്ട്. നാം നാളെ ഇവിടെ നിന്നും മേപ്രാൽ പള്ളിയിലേക്കു പോകുന്നതാണ്. മൂന്നു നോമ്പു ദിവസങ്ങളിൽ നാം മാക്കാംകുന്നു പള്ളിയിൽ ഉണ്ടായിരിക്കുന്നതുമാണ്. ശേഷം പിന്നാലെ. സർവ്വശക്തനായ ... എന്നു 1920-നു കൊല്ലം 1095-ാമാണ്ടു മകരമാസം 9-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

200. തെരുവത്തു മൂപ്പച്ചനു. പ്രിയനെ, അവിടുത്തെ പള്ളിക്കേസിനെ സംബന്ധിച്ചു മുൻ നാം അയച്ച മറുപടി കല്പന കിട്ടിയിരിക്കുമെന്നു വിശ്വസിക്കുന്നു. വിശേഷിച്ചും കണ്ണങ്കോട്ടു ഇടവകക്കാരനായ പാലയ്ക്കലിൽ പീലിപ്പോസിനെക്കൊണ്ടു ചെറുപൊയ്കകാരത്തിയായ ഒരു സ്ത്രീയെ തൂവയൂർ പുത്തൻപള്ളിയിൽ വച്ചു കഴിഞ്ഞ 25 നോമ്പിൽ അറപ്പുരയിൽ ഗീവർഗീസ് കത്തനാർ പുനർ വിവാഹം കഴിപ്പിച്ചു കൊടുത്തു എന്നു ഒരു പരാതി ഹർജി നമുക്കു കിട്ടിയതിനെ സംബന്ധിച്ചു ടി കത്തനാരോടു നാം സമാധാനം ബോധിപ്പിക്കണമെന്നാവശ്യപ്പെട്ടപ്പോൾ ടി കല്യാണം കഴിപ്പിച്ചതു മൂപ്പച്ചനാണെന്നും അയാളല്ലെന്നും നമ്മുടെ പേർക്ക് എഴുതി അയച്ചിരിക്കുന്നു. മൂപ്പച്ചന്റെ ഈ വൃദ്ധതയിൽ ഇങ്ങനെയുള്ള കഠിനമായ ഒരു നിയമലംഘനത്തെക്കുറിച്ചു സമാധാനം ചോദിപ്പാൻ ഇടയായതിൽ നമുക്കു മനഃസങ്കടമുണ്ടെങ്കിലും മൗനമായിരിപ്പാൻ നമ്മുടെ ചുമതല നമ്മെ സമ്മതിക്കാത്തതിനാൽ ഈ കല്പന നാം അയക്കുന്നതാണ്. ഇതിനെ സംബന്ധിച്ചു മൂപ്പച്ചനു പറവാനുള്ള സമാധാനം ഉടനെ എഴുതി അയക്കണം. അടുത്ത ദിവസം നാം ഇവിടെ നിന്നു മേപ്രാൽ പള്ളിയിലേക്കു പോകുന്നതും മൂന്നു നോമ്പു ദിവസങ്ങളിൽ മാക്കാംകുന്നു പള്ളിയിൽ എത്തി അവിടെ താമസിക്കുന്നതുമാണ്. ശേഷം പിന്നാലെ. സർവ്വശക്തനായ ... എന്നു 1920-നു 1095 മകരം 9-നു. കോട്ടയം സിമ്മനാരി.

201. കിഴുമുറി പള്ളി ഇടവകക്കാരനായ കുന്നത്തു അവിരാ ചാക്കോയെ തെര്യപ്പെടുത്തുന്നതു. ... സംബന്ധിച്ചു ആ പള്ളിയുടെ വികാരി പാടത്തു ചെറിയതു പീലിപ്പോസു കത്തനാരും ഇടവകക്കാരിൽ പാടത്തു പോത്തൻ മത്തായി മുതലായി 74 പേരു ... എഴുതി ഒപ്പിട്ടതായ ഒരു ഹർജി നമ്മുടെ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതിന്റെ ഒരു പകർപ്പ് നമ്മുടെ അടയാളം വെച്ചു ഇതു സഹിതം അയക്കുന്നു. ഇതിനെ സംബന്ധിച്ചു തനിക്കു എന്തെങ്കിലും സമാധാനം ബോധിപ്പിപ്പാൻ ഉണ്ടെങ്കിൽ രണ്ടാഴ്ചയ്ക്കകം ബോധിപ്പിച്ചുകൊള്ളണം. നമ്മുടെ സ്ഥാനത്തിനടുത്ത ന്യായമായ അധികാരങ്ങളെ താൻ സ്വീകരിക്കുന്നില്ലെന്നതാണു നമ്മുടെ അറിവ്. അതിനെ സംബന്ധിച്ചു തനിക്കു വല്ലതും ന്യായമായി ബോധിപ്പിപ്പാനുണ്ടെങ്കിൽ അതും ബോധിപ്പിച്ചുകൊള്ളണം. എന്നു 1920-നു 1095 മകരം 9-നു. കോട്ടയം സിമ്മനാരി.

202. ചെറിയമഠത്തിൽ മൂപ്പച്ചനു. മുണ്ടക്കയം പള്ളി സംബന്ധിച്ചു വേണ്ടതു പ്രവർത്തിക്കുന്നതിനു കണ്ടനാട്ടു കുഞ്ചപ്പനും പീടികയിൽ ഗീവറുഗീസ് കത്തനാരും തയ്യാറാണെന്നും മൂപ്പച്ചനും അവരോടു കൂടി മുണ്ടക്കയത്തിനു പോകണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1095 മകരം 10-നു മണിക്കു കോട്ടയം സിമ്മനാരിയിൽ നിന്നും വള്ളം വഴി പുറപ്പെട്ടു സന്ധ്യയോടു കൂടി മേപ്രാൽ വലിയപള്ളിയിൽ എത്തി.

203. കാരയ്ക്കൽ പള്ളിക്കാർക്കു. 13-നു തിങ്കളാഴ്ച ആ പള്ളിയിലേക്കുള്ള യാത്രയ്ക്കു വേണ്ട വള്ളം അയച്ചുതരണമെന്നു. 1920-നു 1095 മകരം 11-നു.

മേപ്രാൽ പള്ളിയിൽ നിന്നും.

204. മൂലമണ്ണിൽ പാപ്പിക്കു. ഇന്നോ നാളെയോ ഇത്രടം വന്നുപോകണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

205. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. അവിടത്തെ പണപിരിവു നടത്തുന്നതിനു ഉത്സാഹിക്കണമെന്നും കല്പന അയക്കുന്നുവെന്നും മറ്റും. 1095 മകരം 13-നു. മേപ്രാൽ പള്ളി.

1095 മകരം 13-നു മേപ്രാൽ പള്ളിയിൽ നിന്നും പുറപ്പെട്ടു മേപ്രാൽ ഇംഗ്ലീഷു സ്കൂളിൽ കയറി താമസിച്ചു 4 മണിയോടു കൂടി മഞ്ചൽ മാർഗ്ഗം പുറപ്പെട്ടു സന്ധ്യയോടു കൂടി കാരയ്ക്കൽ പള്ളിയിൽ എത്തി.

1095 മകരം 14-നു ഉച്ചയോടു കൂടെ മോട്ടോർ കാറിൽ കോട്ടയത്തിനു പുറപ്പെട്ടു ദീനത്തിൽ കിടക്കുന്ന ചിറക്കടവിൽ അബ്രഹാമിന്റെ തള്ളയെ കണ്ടു അന്ത്യകൂദാശ കഴിച്ചശേഷം തിരിച്ചു മോട്ടോർ കാറിൽ പുറപ്പെട്ടു സന്ധ്യയോടു കൂടെ കാരയ്ക്കൽ പള്ളിയിൽ എത്തി.

206. വട്ടക്കുന്നേൽ മൂപ്പച്ചനും പൈനുങ്കൽ മൂപ്പച്ചനും കൂടി. വേറൊരു വികാരിയെ നിയമിക്കുന്നതു വരെ കാരാട്ടുകുന്നേൽ പള്ളിക്കാരുടെ കർമ്മങ്ങൾ മുതലായതു ടിയാന്മാർ നടത്തിക്കൊടുക്കണമെന്നും മറ്റും. 1920-നു കൊല്ലം 1095-ാമാണ്ടു മകരം 15-നു കാരയ്ക്കൽ പള്ളി.

207. കോട്ടയം മുതൽ തെക്കോട്ടുള്ള പള്ളിക്കാർക്കു. കൊല്ലപ്പെട്ട ആറ്റുപുറത്തു പാപ്പിയുടെ മകളുടെ കല്യാണത്തിനു വേണ്ട ധനസഹായം ചെയ്യണമെന്നു. 1920-നു 1095 മകരം 16-നു കാരയ്ക്കൽ പള്ളിയിൽ നിന്നും.

208. കാരയ്ക്കൽ പള്ളിക്കാർക്കു. പിരിവുപണം ഉടനെ പിരിച്ചുതരണമെന്നു. ടി തീയതി. ടി സ്ഥലം.

16-നു രാത്രി 9 മണിക്കു കാരയ്ക്കൽ പള്ളിയിൽ നിന്നും വള്ളം വഴി പുറപ്പെട്ടു 17-നു രാവിലെ പരുമല സിമ്മനാരിയിൽ കയറി താമസിച്ചു. ഉച്ച കഴിഞ്ഞു വീണ്ടും പുറപ്പെട്ടു 18-നു രാവിലെ കോഴഞ്ചേരിയിൽ എത്തി വണ്ടി വഴി പുറപ്പെട്ടു പര്യാരം (കാരൂർ) പള്ളിയിൽ കയറി കാപ്പികുടി കഴിഞ്ഞു വീണ്ടും പുറപ്പെട്ടു 10 മണിയോടു കൂടി മാക്കാംകുന്നു പള്ളിയിൽ എത്തി.

211. കടമ്മനിട്ട പള്ളിക്കാർക്കു. 24-നു വെള്ളിയാഴ്ച ഉച്ചകഴിഞ്ഞു എല്ലാവരും ഇവിടെ എത്തണമെന്നും മറ്റും. 1095 മകരം 21-നു മാക്കാംകുന്നു പള്ളി. ഇതുപോലെ ഓമല്ലൂർ, മാക്കാംകുന്നു, കുരിശുപള്ളികൾക്കും എഴുതി അയച്ചു.

212. കടമ്പനാട്ടു പള്ളിക്കാർക്കു. ഇവിടങ്ങളിലെ പള്ളി സഞ്ചാരം കഴിഞ്ഞ ശേഷം അങ്ങോട്ടുള്ള യാത്രയ്ക്കു വേണ്ട സൗകര്യം ഉണ്ടാക്കാമെന്നു. 1920 -നു 1095 മകരം 24-നു. മാക്കാംകുന്നു പള്ളിയിൽ നിന്നു.

213. തറയിൽ കുഞ്ഞുവർക്കിക്കു. കീഴുമുറി പള്ളിക്കാരനായ കുന്നത്തു അവിരാ ചാക്കോയെ സംബന്ധിച്ചയച്ച നോട്ടീസിനു നമ്മുടെ അധികാരം സമ്മതിച്ചു മറുപടി അയക്കാതെ ആ കാര്യത്തിൽ പ്രവേശിക്കുന്നതിനു നിവൃത്തിയില്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

214. ചിറക്കടവിൽ അബ്രഹാമിനു. അമ്മയുടെ മരണത്തിൽ അനുശോചിച്ചു. 1920-നു 1095 മകരം 25-നു മാക്കാംകുന്നു പള്ളി.

215. കീപ്പെള്ളിൽ പത്രോസു കത്തനാർക്കു. മകളുടെ കല്യാണത്തിനു അനുഗ്രഹവും ആശീർവാദവും. 1920-നു 1095 മകരം 25-നു. മാക്കാംകുന്ന്.

216. വാളനടിയിൽ യൗസേപ്പു ശെമ്മാശനു. 50 രൂപാ അയയ്ക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

217. ഇരുമല വർക്കിക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

218. എം. പി. പത്രോസ് ശെമ്മാശനു. ടിയാന്റെ തക്സാ തർജ്ജമയെ സംബന്ധിച്ചു ശാസിച്ചും ഗുണദോഷിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

219. പുത്തൻപുരയ്ക്കൽ കോശി കത്തനാർക്കു. കൊച്ചനെ കൊണ്ടുവരികയാണെങ്കിൽ ആലോചിച്ചു ചെയ്യുന്നതാണെന്നു. ടി തീയതി. ടി സ്ഥലം.

220. മാറാച്ചേരിൽ യോഹന്നാൻ കത്തനാർക്കു. കോട്ടയത്തു എത്തുമ്പോൾ പള്ളിക്കാരെ വരുത്തി വേണ്ടതു ചെയ്യാമെന്നു. ടി തീയതി. ടി സ്ഥലം.

221. പാടത്തു വർക്കിക്കു. കുന്നത്തു അബ്രഹാം ഇവിടെ വന്നിരുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

222. മാറാച്ചേരിൽ മൂപ്പച്ചനു. ടിയാന്റെ സുഖക്കേടു ഭേദമായതിൽ സന്തോഷിക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

223. കരോട്ടു കുഞ്ചപ്പനു. എം.ഡി. സിമ്മനാരിയെ സംബന്ധിച്ചു പറഞ്ഞപ്രകാരം ചെയ്യാതെ വേറെ വിധത്തിൽ ചെയ്തതു എന്താണെന്നും മറ്റും. 1095 മകരം 25-നു. മാക്കാംകുന്ന്.

224. തേമ്മാലിൽ കുഞ്ഞൂഞ്ഞു അപ്പോത്തിക്കിരിക്കു. മാരാമൺ പള്ളിയെ സംബന്ധിച്ച കോഴഞ്ചേരിൽ വെച്ചു വേണ്ടതു ചെയ്യുന്നതാണെന്നു. ടി തീയതി. ടി സ്ഥലം.

225. ബർ യാക്കോബു റമ്പാച്ചനു. വട്ടമല ശെമ്മാച്ചനു കത്തനാരുപട്ടം കൊടുത്തു പുത്തൻ കുർബ്ബാന ചൊല്ലിക്കുന്നതിനെ സംബന്ധിച്ചും പള്ളിപ്പണിയെ സംബന്ധിച്ചും. ടി തീയതി. ടി സ്ഥലം.

226. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കും പത്രോസു ശെമ്മാച്ചന്റെ എഴുത്തിനെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

227. ഡോ. എസ്. ഡി. ബാബാ. ഇതിൽ ഫയൽ ചെയ്തിട്ടുണ്ട്.

228. ഓമല്ലൂർ പള്ളിക്കാർക്കു. അങ്ങോട്ടുള്ള യാത്രയ്ക്കാവശ്യപ്പെട്ട വണ്ടികളയച്ചു തരണമെന്നു. 1920-നു 1095 മകരം 26-നു. മാക്കാംകുന്നു പള്ളി.

229. ഈവാനിയോസ് മെത്രാച്ചനു. കണ്ടനാട്ടുകാരുടെ തർക്കങ്ങൾ, കർമ്മേൽ ചിട്ടിക്കു പണയപ്പെടുത്തരുതു മുതലായവ സംബന്ധിച്ചു. 1920-നു 1095 മകരം 27-നു. മാക്കാംകുന്നു പള്ളി.

230. വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു. എം.ഡി. യുടെ നടത്തിപ്പിനു കോട്ടയത്തു കാർ പണം എടുക്കുന്നതിനെ സംബന്ധിച്ചും മറ്റും. 1920-നു 1095 മകരം 27-നു മാക്കാംകുന്നു പള്ളിയിൽ നിന്നും.

231. മാരേട്ടു പീലിപ്പോച്ചനു. ടി സംഗതി സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

232. പാലപ്പള്ളിൽ പൗലോസു കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

233. ചെറിയമഠത്തിൽ സ്കറിയാ കത്തനാർക്കു. ഇപ്പോഴത്തെ കേസിന്റെ സ്ഥിതി സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

234. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. തിരുവനന്തപുരത്തെ പണപിരിവു സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

235. മാരേട്ടു പീലിപ്പോസിനു. മകളുടെ കല്യാണത്തെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

236. തോപ്പിൽ പൗലൂസിനു. അകപ്പറമ്പു പള്ളിയെ സംബന്ധിച്ചു ആലോചിക്കുന്നതാണെന്നു. ടി തീയതി ടി സ്ഥലം.

237. പാറേട്ടു ശെമ്മാച്ചനു. പരുമല വെച്ചു കത്തനാരു പട്ടം തരാമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

238. എം. എം. പീറ്ററിനു. വർത്തമാനങ്ങൾക്കു. 1920-നു 1095 മകരം 27-നു. മാക്കാംകുന്ന്.

238. കാരയ്ക്കൽ പള്ളിക്കു. പള്ളിയുടെ നടത്തിപ്പിലേക്കു നിങ്ങളുടെ അപേക്ഷാ ഡയറി അയയ്ക്കുന്നുയെന്നും മുതൽക്കെട്ടിനു പണിക്കരു വീട്ടിൽ ചാക്കോയെയും കണക്കെഴുത്തിനു വാഴപ്പറമ്പിൽ സ്കറിയായെയും നിയമിച്ചിരിക്കുന്നുയെന്നും മറ്റും. 1920-നു 1095 മകരം 27-നു മാക്കാംകുന്നു പള്ളി.

239. മൂലമണ്ണിൽ പാപ്പിക്കു. ഡയറിയും കല്പനയും അയയ്ക്കുന്നുയെന്നും ബാക്കി പിരിവു ഉടനെ അയയ്ക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

240. കടവത്ര തോമസു കത്തനാർക്കു. ടിയാൻ കൊണ്ടുപോയ ഗ്ലോഹ, കുരിശു, എടക്കെട്ടു ഇതുകൾ ഇടവങ്കാടു ശെമ്മാച്ചനു കൊടുക്കണമെന്നു. ടി തീയതി. ടി സ്ഥലം.

1095 മകരം 27-നു നാലു മണിയോടു കൂടി മാക്കാംകുന്നു പള്ളിയിൽ നിന്നും പുറപ്പെട്ടു ആറു മണിയോടു കൂടി ഓമല്ലൂർ പള്ളിയിൽ എത്തി.

241. പി. സി. അയ്പ്പൂരു ഉപദേശിക്കു. അച്ചടിക്കു സഹായകല്പന തരുവാൻ നിവൃത്തിയില്ലെന്നും മറ്റും. 1920-നു 1095 മകരം 28-നു. ഓമല്ലൂർ പള്ളിയിൽ നിന്നും.

(തുടരും)

സമ്പാദകൻ:
ജോയ്സ് തോട്ടയ്ക്കാട്

പത്രോസ്, പൗലോസ് ശ്ലീഹന്മാർ

പാലമാസിലെ ഗ്രീഗോറിയോസിന്റെ പ്രസംഗം


ഫാ. ജോബ് സാം മാത്യു
ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം

പാശ്ചാത്യ ഓർത്തഡോക്സ് (ബൈസന്റൻ) സഭയിലെ ശ്രേഷ്ഠനായ വേദശാസ്ത്രജ്ഞനും ചിന്തകനും സഭാ നേതാവുമായിരുന്നു പാലമാസിലെ ഗ്രിഗോറിയോസ് (1296-1359 AD). കോൺസ്റ്റാന്റിനോപ്പിളിലെ ഒരു സമ്പന്നമായ കുടുംബത്തിൽ ജനിച്ച ഇദ്ദേഹം ഇരുപതാം വയസ്സു മുതൽ സന്യാസനിഷ്ഠകൾ പാലിച്ചു ജീവിച്ചു. താബോർ മലയിൽ യേശുക്രിസ്തുവിനു ഉണ്ടായ തേജസ്കരണത്തിന്റെ വെളിച്ചത്തിൽ ദൈവികവും സൃഷ്ടിക്കപ്പെടാത്തതുമായ സ്വഭാവത്തെക്കുറിച്ച് നടന്ന തർക്കങ്ങളിൽ പാശ്ചാത്യ ഓർത്തഡോക്സ് സഭയുടെ നിലപാട് ഗ്രിഗോറിയോസ് അവതരിപ്പിച്ചു. അദ്ദേഹം 1347-ൽ തസ്സലോനിക്കയിലെ മെത്രാപ്പോലീത്തയായി. ഇന്ന് ക്രൈസ്തവ ലോകത്ത് അദ്ദേഹത്തിന്റെ രചനകൾ പഠനത്തിന് വിധേയമാക്കുന്നുണ്ട്. പരിശുദ്ധന്മാരായ പത്രോസ്, പൗലോസ് എന്നീ ശ്ലീഹന്മാരുടെ ഓർമ്മ പെരുന്നാളിൽ പാലമാസിലെ ഗ്രിഗോറിയോസ് നടത്തിയ പ്രഭാഷണത്തിലെ പ്രധാനപ്പെട്ട ആശയങ്ങളാണ് ഈ ലേഖനത്തിൽ പങ്കുവയ്ക്കുന്നത്.

ക്രൈസ്തവ സഭയിൽ സവിശേഷമായ സ്ഥാനം അലങ്കരിക്കുന്ന പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ അനുതാപ ജീവിതം, ക്രിസ്തു കേന്ദ്രീകൃതമായ പ്രവർത്തന ശൈലി എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന പ്രഭാഷണമാണ് ഇത്. ഇതിലൂടെ ക്രൈസ്തവ അധ്യാത്മികതയുടെ ശ്രേഷ്ഠത വെളിപ്പെടുത്തുവാനാണ് അദ്ദേഹം ശ്രമിക്കുന്നത്. ശ്രേഷ്ഠ ശ്ലീഹന്മാരായ പത്രോസിന്റെയും പൗലോസിന്റെയും പെരുന്നാൾ പട്ടണങ്ങളും രാജ്യങ്ങളും ഭരണകർത്താക്കളും സാധാരണക്കാരും ആഘോഷപരമായി ആചരിക്കുന്നു. ഈ പെരുന്നാളിൽ സംബന്ധിക്കുന്നവർക്ക് ഇതിലൂടെ പ്രയോജനം ലഭിക്കുന്നു. രാത്രിയിൽ വിളക്ക് തെളിയിച്ചാൽ, അതിന്റെ പ്രകാശം ജനങ്ങൾക്ക് പ്രവർത്തിക്കുന്നതിനും ആനന്ദം പകരുന്നതിനും സഹായകരമാണ്. ഈ വിശുദ്ധരുടെ ദൈവഹിതാനുസൃതമായ ജീവിതവും, അനുഗ്രഹീതമായ അന്ത്യവും, അവരുടെ വിശ്വാസ ജീവിതത്താൽ ദൈവം അവരിൽ ചൊരിഞ്ഞ കൃപയും വിശ്വാസികൾക്ക് ആത്മീക ആനന്ദവും അഭിവൃദ്ധിയും നൽകുന്നു. നമ്മുടെ മധ്യേ ജ്വലിക്കുന്നതും പ്രകാശം പകരുന്നതുമായ ദീപങ്ങളാണ് അവർ.

ഒരു കൃഷി ഭൂമിയിൽ നിന്നും മികച്ച വിളവ് ലഭിക്കുമ്പോൾ ഉടമസ്ഥനായ കർഷകനു മാത്രമല്ല, എല്ലാവർക്കും സന്തോഷം ലഭിക്കുന്നു. വിശുദ്ധർ അവരുടെ സുകൃത ജീവിതത്താൽ പുറപ്പെടുവിക്കുന്ന ഫലങ്ങൾ മൂലം ആത്മാക്കളുടെ നാഥനായ ദൈവത്തിനും നമുക്കും ആനന്ദം ലഭിക്കുന്നു. അത് പൊതുവിന്റെ നന്മയ്ക്കും സംതൃപ്തിക്കും ഇടയാക്കുന്നു. വിശുദ്ധരെ കാണുന്നതിനും അവരിൽ നിന്നും പ്രബോധനങ്ങൾ സ്വീകരിക്കുന്നതിനും മനസ്സിലാക്കുന്നതിനും ശ്രമിക്കുന്നവർക്ക് സുകൃത ജീവിതം നയിക്കുന്നതിന് പ്രചോദനം ഉണ്ടാകും. മികവിന്റെ മനുഷ്യപ്രതീകങ്ങളാണ് വിശുദ്ധർ. അവർ നന്മയുടെ തൂണുകളും ജീവിക്കുന്ന പുസ്തകങ്ങളും ശ്രേഷ്ഠമായ സംഗതികളിലേക്കുള്ള വാതായനങ്ങളുമാണ്.

വിശുദ്ധരുടെ സുകൃതങ്ങൾ അവരുടെ കാലശേഷവും സ്മരിക്കുന്നത് നമുക്ക് പ്രചോദനം നൽകും. നമ്മുടെ പൂർവികർക്കായി അവർ ചെയ്ത നന്മകളും, ഇന്ന് അവർ പകരുന്ന സഹായങ്ങളുമാണ് അവരുടെ ഓർമ്മ ആചരിക്കുന്നത് വഴി നാം സ്മരിക്കുന്നത്. മാർ പത്രോസും മാർ പൗലോസും സാധാരണക്കാരായ മനുഷ്യരാണ് എങ്കിലും ദൈവിക വാഗ്ദാനങ്ങൾ കൈവശമാക്കുവാൻ അനവധി പരിമിതികൾ അതിജീവിച്ചു. അതിനായി ആത്മാർത്ഥമായി അവർ പ്രവർത്തിച്ചു. ഇവർ അപ്പോസ്തോലന്മാരിലെ പ്രമുഖരാണ്. ഇവർ നമുക്ക് മാർഗ്ഗദർശികളും പിതാക്കന്മാരുമാണ്. ലോകത്തിൽ പ്രകാശം പകരുന്നവരും ജീവന്റെ വചനം സംവേദിക്കുന്നവരുമാകാൻ അവർ നമ്മോടു ആഹ്വാനം ചെയ്യുന്നു. അവർ നക്ഷത്രങ്ങളെക്കാൾ സൗന്ദര്യമുള്ളവരാണ്. അവർ ഇരുട്ടിൽ



നിന്നും ദൈവികമായ പ്രകാശത്തിലേക്ക് നമ്മെ നയിച്ചു. സത്യപ്രകാശമായ യേശുക്രിസ്തുവിന്റെ അനുകാരികളാകാൻ നമ്മുടെ ബോധങ്ങൾ അവർ ദീപ്തമാക്കി. പ്രകാശത്തിന്റെ നിത്യസ്രോതസായ യേശുക്രിസ്തുവിൽ അവർ തുല്യ സ്ഥാനീയരാണ്. സുവിശേഷ പ്രവർത്തനത്തിൽ അവരുടെ ഐക്യവും സഹകരണവും മാതൃകാപരമാണ്.

ആദ്യ മനുഷ്യനായ ആദാമിനെ പോലെ പത്രോസ് ശ്ലീഹായെയും പിശാച് പരീക്ഷിച്ചു. എന്നാൽ ക്രിസ്തുവിനോട് ആഴമേറിയ സ്നേഹമുള്ള പത്രോസിനെ നേരിട്ടാക്രമിക്കാൻ പിശാച് മടിച്ചു. എന്നാൽ സ്വയം പുകഴ്ത്തലും അലംഭാവവും ഗർവവും മൂലം പത്രോസ് ചതിക്കപ്പെട്ടു. ശിഷ്യസമൂഹത്തിൽ നിന്നും അദ്ദേഹം അകന്നു. എന്നാൽ ആദമിൽ നിന്നും വ്യത്യസ്തമായി പരീക്ഷയെയും പരീക്ഷകനെയും അതിജീവിക്കുവാൻ പത്രോസിനായി. ഈ അതിജീവനത്തിന് അദ്ദേഹത്തെ സഹായിച്ചത് അനുതാപം എന്ന ഔഷധമാണ്. യേശുവിനെ തള്ളിപ്പറയുന്നതിൽ നിന്നും കരകയറാൻ യഥാർത്ഥ അനുതാപം അദ്ദേഹം നേടിയെടുത്തു. അങ്ങനെ തന്നെ വീഴ്ചയ്ക്കിടയാക്കിയ മലിനതകളെ മാറ്റുവാൻ അദ്ദേഹത്തിന് സാധിച്ചു. പത്രോസിന് തന്നോടുള്ള സ്നേഹം പൂർണമായി നഷ്ടമായിട്ടില്ല എന്നും വീഴ്ചയ്ക്കുശേഷം വിനയാന്വിതനായി എന്നും ഉത്ഥിതനായ

യേശുക്രിസ്തു അറിഞ്ഞപ്പോൾ, പത്രോസിനെ ഉൾചേർത്തു. പുതിയ നിയോഗങ്ങൾ വെളിപ്പെടുത്തി.

നാം രക്ഷിക്കപ്പെടണമെന്ന് ദൈവം അതിയായി ആഗ്രഹിക്കുന്നുണ്ട്. വാക്കും പ്രവർത്തിയും വഴി നമ്മെ രക്ഷയുടെ മാർഗ്ഗത്തിലേക്ക് നയിക്കുന്നവരെ നാം അനുസരിക്കണം. മൂന്ന് തവണ തന്നെ തള്ളിപ്പറഞ്ഞവനെ സ്നേഹിക്കുന്നുവോ എന്ന ചോദ്യത്തിലൂടെ മൂന്നുതവണ വിശ്വാസം ഉറപ്പിക്കുവാൻ യേശുവിനായി. പത്രോസിനെ സഭയുടെ നേതൃനിരയിലേക്ക് നിയോഗിക്കുകയും ചെയ്തു. ഒരു പെൺകുട്ടിയുടെ മുമ്പിൽ പോലും യേശുക്രിസ്തുവിനെ തള്ളിപ്പറഞ്ഞവനാണ് പത്രോസ്. എന്നാൽ പിന്നീട് കുരിശുമരണം ഏറ്റെടുക്കുവാൻ സന്നദ്ധനാകുന്ന ഈ അപ്പോസ്തോലനെയാണ് നാം കാണുന്നത്. സ്വാഭാവിക ഇച്ഛകൾക്ക് വിധേയനായി പ്രവർത്തിച്ച പത്രോസ് യേശുക്രിസ്തുവിന്റെ ഉത്തമസാക്ഷിയായി രൂപാന്തരപ്പെട്ടു.

പൗലോസിൽ യേശുക്രിസ്തുവിനോടുള്ള സ്നേഹം നിറഞ്ഞു. അതിനാൽ ക്രിസ്തുവിന്റെ ഉത്തമസാക്ഷിയായി പീഡകൾ നേരിട്ടു. വിനയവും പക്വതയും കൈമുതലാക്കിയ വ്യക്തിയാണ് പൗലോസ്. പത്രോസിനെ പോലെ അദ്ദേഹവും തീക്ഷ്ണതയോടെ സുവിശേഷം പ്രസംഗിച്ചു. നീതിപൂർവമായി ന്യായവിധി നടത്തുന്ന ദൈവം ഈ അപ്പോസ്തോലന്മാർക്ക് അർഹവും തുല്യവുമായ പ്രതിഫലം നൽകും. ഈ രണ്ട് ശ്ലീഹന്മാർക്ക് തുല്യമഹത്വവും സ്ഥാനവും ഉള്ളതിനാൽ ഇവരുടെ ഓർമ്മ ഒരേ ദിവസം തന്നെ സഭ ആചരിക്കുന്നു. അവരുടെ ജീവിതത്തിലെ സംഭാവനകളും വിനയവും അനുതാപവും യഥാർത്ഥ നമ്മളുടെ ജീവിതത്തിലും അനുകരിക്കേണ്ടതാണ്. അനവധി പാപങ്ങൾ ചെയ്യുന്ന നമുക്ക് ദൈവത്തിന്റെ കൃപ അനിവാര്യമാണ്. അനുതാപത്തിലൂടെ രക്ഷ ഉറപ്പിക്കുവാൻ നമുക്ക് കഴിയണം. ഇല്ലെങ്കിൽ നമ്മുടെ പ്രതീക്ഷകൾ അപ്രസക്തമാകും. പാപത്തെക്കുറിച്ചുള്ള തിരിച്ചറിവാണ് അനുതാപത്തിനു തുടക്കം.

അതോടൊപ്പം കുമ്പസാരവും ഹൃദയം നുറുങ്ങിയ പ്രാർത്ഥനയും അനിവാര്യമാണ്. പത്രോസ് അനുതാപത്താൽ തിരിച്ചുവന്നു. അദ്ദേഹം വീഴ്ചയിൽ നിന്നും കരകയറി. പാപമോചനം നേടി. യേശുക്രിസ്തുവിന്റെ സഭയുടെ സംരക്ഷകനായി അദ്ദേഹം നിയോഗിക്കപ്പെട്ടു. മറ്റുള്ളവരെക്കാൾ ദൈവത്തോടു കൂടുതലായി അടുക്കുവാൻ മാനസാന്തരത്തിനു ശേഷം പൗലോസിനായി.

ഹൃദയത്തിൽ നിന്നുള്ള ആത്മാർത്ഥമായ അനുതാപം പാപ വഴികളിൽ വീണ്ടും പ്രവേശിക്കുന്നതിൽ നിന്നും നമ്മെ തടയും. നീചന്മാരിൽ നിന്നും നമ്മെ മാറ്റും. വികാരങ്ങൾക്കെതിരെ പൊരുതുകയും വ്യർത്ഥ മോഹങ്ങളിൽ നിന്നും വിരമിക്കുകയും ചെയ്യും. സദ്ഗുണങ്ങൾ പരിശീലിപ്പിക്കും. തിന്മ ചെയ്യുന്നവരോട് ക്ഷമയും, സഹായം അഭ്യർത്ഥിക്കുന്നവരോട് കാരുണ്യവും, ഒപ്പം വിനയവും സാഹോദര്യവും കാണിക്കുവാൻ സഹായിക്കും. സഹോദരനോടു ദയ കാണിക്കുമ്പോൾ ദൈവത്തിന്റെ സ്നേഹം നമുക്ക് ലഭ്യമാകും. ദൈവത്തിന്റെ കൃപയും നിത്യമായ ആനന്ദവും അനുഗ്രഹങ്ങളും പ്രാപിക്കുവാൻ ഇടയാകും.

ദൈവത്തിന്റെ ഏകജാതനായ പുത്രനും, സകലത്തിന്റെയും സ്രഷ്ടാവായ പിതാവാം ദൈവത്തിനും, പരിശുദ്ധനും ഉത്തമനും ജീവദായകനുമായ റൂഹായ്ക്കും സകല മഹത്വവും ആരാധനയും പുകഴ്ചയും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമേൻ.

ക്രൈസ്തവസഭയിലെ ആദരണീയ വ്യക്തിത്വങ്ങൾ ആയ പത്രോസ്, പൗലോസ് എന്നീ ശ്ലീഹന്മാരുടെ ജീവിതത്തെ നമുക്ക് മാതൃകയാക്കാൻ സാധിക്കും എന്ന് പാലമാസിലെ ഗ്രീഗോറിയോസ് ഉദ്ബോധിപ്പിക്കുന്നു. അനുതാപ ജീവിതത്തിലൂടെ ക്രിസ്തു കേന്ദ്രീകൃതമായി സുവിശേഷദൗത്യം തീക്ഷ്ണതയോടെ നയിച്ചവരാണ് ഇരുവരും. സഭയുടെ വളർച്ചയിലും വ്യാപനത്തിലും സുപ്രധാനമായ പങ്കാണ് ഇരുവരും വഹിച്ചത്. ക്രിയാത്മകവും ദൈവീകവുമായ ശുശ്രൂഷ നയിച്ച് അനേകർക്ക് പ്രചോദനകരമാകണമെന്ന് ഈ രണ്ട് ശ്രേഷ്ഠ ശ്ലീഹന്മാരുടെയും ജീവിതത്തിൽ നിന്നുള്ള ഉൾക്കാഴ്ചകൾ പകർന്ന് ഗ്രീഗോറിയോസ് നമ്മെ പ്രചോദിപ്പിക്കുന്നു.



ആബിഫിൽ നിര്യാതയായ ബത്തേരി കത്തീഡ്രൽ അംഗമായ സ്റ്റെഫി ബൈജുവിന്റെ ഭവനത്തിൽ ഇടവക മെത്രാപ്പോലീത്ത ഡോ. ഗീവർഗ്ഗീസ് മാർ ബർന്നബാസ് സന്ദർശിച്ചു പ്രാർത്ഥന നടത്തി. ദുഃഖത്തിലായിരിക്കുന്ന കുടുംബാഗങ്ങളെ ആശ്വസിപ്പിച്ചു.



ബാംഗ്ലൂർ ഭദ്രാസനത്തിലെ ബേഗൂർ സെന്റ് മേരിസ് ഓർത്തഡോക്സ് പള്ളിയിൽലെ MGOCSM യൂത്ത് കൂട്ടായ്മയുടെ ലോഗോ ഡിസൈൻ മത്സരത്തിൽ കുന്നംകുളം ആർത്താറ്റ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവക അംഗമായ ലിജോ ചീരൻ ജോസ് ഒന്നാം സ്ഥാനത്തിന് അർഹനായി.

അനിൽ വി ഉമ്മന് മാനേജ്മെന്റിൽ പി.എച്ച്.ഡി.



നെടുമ്പാശ്ശേരി സ്നേഹ നഗർ, മണ്ണിൽ, അനിൽ വി ഉമ്മൻ, ചെന്നൈ വേൽസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ടെക്നോളജി ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ (VISTAS) നിന്നും മാനേജ്മെന്റിൽ പി.എച്ച്.ഡി. കരസ്ഥമാക്കി. നെടുമ്പാശ്ശേരി സ്പൈസ് സൊല്യൂഷൻസ് ചീഫ് കൺസൾട്ടന്റ് ആണ്. അങ്കമാലി മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവക ട്രസ്റ്റിയാണ്. അങ്കമാലി മണ്ണിൽ വീട്ടിൽ പരേതനായ വർഗീസ് ഉമ്മന്റെയും ഏലിയാമ്മ വർഗീസിന്റെയും മകനാണ്. മലങ്കര വർഗ്ഗീസിന്റെ മകളും മുൻ MGOCSM സീനിയർ വൈസ് പ്രസിഡന്റുമായ UC കോളജ് അധ്യാപിക ഡോ. ടിൻസി വർഗ്ഗീസ് ആണ് ഭാര്യ, മക്കൾ റൂത്ത്, എബ്രഹാം.

കാതോലിക്കാ സിംഹാസനം



നമ്മുടെ സഭയുടെ നിലനിൽപിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്നു നിങ്ങളിൽ പലരും നമ്മോടു കൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരേയായി പല പ്രയാസങ്ങൾ സഹിച്ചു നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാ സ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതലയും നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു.

– പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ഇത് പള്ളി പിടുത്തമോ?

ഒരു നൂറ്റാണ്ടിലധികം പഴക്കമുള്ള വ്യവഹാരത്തിന് അന്തിമ തീർപ്പായിട്ടാണ് 2017 ജൂലൈ 3-ന് സുപ്രീംകോടതി വിധി പ്രസ്താവിച്ചത്. ഇരുവിഭാഗങ്ങളെയും ഒരുമിച്ച് ചേർക്കുന്നതിന് വിവിധങ്ങളായ കോടതി വിധികളിലൂടെ നടത്തിയ എല്ലാ പരിശ്രമങ്ങളും ഫലം കാണാതെ വന്ന സാഹചര്യത്തിൽ ആയിരുന്നു ജസ്റ്റിസ് അരുൺ മിശ്രയുടെ 'ചോദ്യം ചെയ്യാനാവാത്ത' വിധിയുണ്ടായത്.

എല്ലാ കോടതി വിധികൾക്കും തക്കതായ പഴുതുകൾ കണ്ടെത്തി വീണ്ടും വീണ്ടും വ്യവഹാരത്തിന് തുനിഞ്ഞിറങ്ങിയ പാത്രിയർക്കീസ് വിഭാഗത്തിനുള്ള ശക്തമായ താക്കീതായിരുന്നു പ്രസ്തുത വിധി.

മലങ്കരസഭ ഒന്നായിത്തീരണം എന്നുള്ള ലക്ഷ്യത്തോടെ ബഹുമാനപ്പെട്ട ജസ്റ്റിസ് മളിമഠിന്റെ നിരീക്ഷണത്തിൽ, ഇരുവിഭാഗങ്ങളും ഒരുമിച്ച് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം കൂടുന്നതിനുള്ള ശ്രമം



തച്ചുടച്ച്, ഇന്ത്യൻ നിയമവ്യവസ്ഥയെ അവഹേളിച്ചവർക്കുള്ള മറുപടിയാമായിരുന്നു ഈ വിധി.

മാത്രമല്ല, നിയമവ്യവസ്ഥയെ മറികടന്ന് അസോസിയേഷനിൽ നിന്ന് ഏകപക്ഷീയമായി പിന്മാറുകയും, അതേസമയത്ത് തന്നെ പുത്തൻ കുരിശിൽ യോഗം കൂടി പുതിയ ഭരണഘടന രൂപം നൽകുകയും ചെയ്ത നടപടിക്കുള്ള കോടതിയുടെ പ്രഹരമായിരുന്നു അത്. ഒരു കാലഘട്ടം മുഴുവൻ കൈക്കരുത്തും, രാഷ്ട്രീയ സ്വാധീനവും ഉപയോഗിച്ച് വടക്കൻ പ്രദേശങ്ങളിൽ അഴിഞ്ഞാടിയ യാക്കോബായ വിഭാഗം അനധികൃതമായി കൈയ്യടക്കിവെച്ച ഓർത്തഡോക്സ് സഭയുടെ ദേവാലയങ്ങൾ വിട്ട് നൽകണമെന്നതായിരുന്നു ആ വിധിയുടെ സംക്ഷിപ്തം.

കാലാകാലങ്ങളിൽ വരുന്ന തെരഞ്ഞെടുപ്പുകളിൽ സമ്മർദ്ദ തന്ത്രം പ്രയോഗിച്ച്, രാഷ്ട്രീയക്കാരെ സ്വാധീനിച്ച്, കോടതി വിധികളെ കാറ്റിൽ പറത്തിയവർക്കിനിയും നിലനിൽപ്പില്ലെന്ന് പ്രഖ്യാപിക്കുന്നതായിരുന്നു ആ വിധി. 'എല്ലാം നഷ്ടപ്പെട്ടവർ' എന്ന വ്യാജേന മാധ്യമങ്ങളെയും പൊതുസമൂഹത്തെയും തെറ്റിദ്ധരിപ്പിച്ച് അനുകമ്പ സമ്പാദിക്കാമെന്ന വ്യാമോഹത്തിന് തിരിച്ചടിയായിരുന്നു അത്.

ഭരണഘടനപ്രകാരം ഭരിക്കപ്പെടണമെന്ന ഉത്തരവിനെ അട്ടിമറിച്ച്, വളയം ഇല്ലാതെ ചാടുവാൻ ഒരുമ്പട്ടവരെ - യാതൊരു കണക്കും ക്രമവുമില്ലാതെ - നിയമത്തിനും ഭരണഘടനയ്ക്കും വിധേയരാക്കുക എന്നതായിരുന്നു ആ വിധിയുടെ ലക്ഷ്യം.

സ്വാധീനത്തിന്റെ മറവിലോ തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലോ കോടതി വിധിയുടെ അന്തസത്ത മനസ്സിലാക്കാതെ, ചില മാധ്യമങ്ങൾ ധർമ്മം മറന്ന് പ്രവർത്തിക്കുന്നത് കാണുമ്പോൾ, സംസ്കാര കേരളത്തിൻറെ ആഭിജാത്യം ചോദ്യം ചെയ്യപ്പെടുന്നതായി പോലും സംശയിക്കേണ്ടതായി വരുന്നു.

എന്താണ് കോടതിവിധി എന്നും, എപ്രകാരമാണ് വ്യവഹാര ചരിത്രം അപ്രകാരം ഒരു പരിസമാപ്തിയിലെത്തിയതെന്നും പരിശോധിച്ച ശേഷം സ്വതന്ത്ര മാധ്യമപ്രവർത്തനം നടത്തുന്നതായിരിക്കും ഉചിതം. വസ്തുതകൾ സത്യസന്ധമായി വിലയിരുത്തുവാൻ കഴിയുന്നത് അപ്പോൾ മാത്രമാണ്.

1934 ലെ ഭരണഘടനയനുസരിച്ച് ഭരിക്കപ്പെടണമെന്നുള്ള കോടതി ഉത്തരവ് നടപ്പാക്കപ്പെടുമ്പോൾ, അതിനെ കേവലം 'പള്ളി പിടുത്തമായി' ചിത്രീകരിക്കുകയും, അനീതിയായി വ്യാഖ്യാനിക്കുകയും ചെയ്യുന്നത് നിയമത്തോടുള്ള വെല്ലുവിളിയും, നിയമപരമായുള്ള അജ്ഞതയുമായിട്ടേ കാണാൻ കഴിയൂ.

പബ്ലിക് റിലേഷൻസ് വകുപ്പ്,
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ




കോട്ടയം: മലങ്കര സഭയുടെ ദേവാലയങ്ങൾ ബഹുമാനപ്പെട്ട കോടതി ഉത്തരവ് അനുസരിച്ച് അവകാശികൾക്ക് പ്രവേശിക്കുവാൻ അവസരം നിഷേധിക്കുന്നത് അപലപനീയം ആണെന്ന് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം പ്രസിഡന്റ് അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത അഭിപ്രായപ്പെട്ടു. സുപ്രീം കോടതി വിധി അനുസരിച്ച് കേരള ഹൈക്കോടതി ഉത്തരവ് നടപ്പാക്കുവാൻ പോലീസ് റവന്യൂ അധികാരികൾ തയ്യാറാകണം. പള്ളിയിൽ മലങ്കര മക്കൾ പ്രവേശിക്കുന്നത് പള്ളിപ്പിടുത്തമാണെന്ന് മലങ്കര സഭയെ അവഹേളിക്കുന്ന സമീപനം മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നത് അപഹാസ്യമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. മാധ്യമ ധർമ്മത്തെയും, മര്യാദകളേയും വ്യഭിചരിക്കുന്ന ഇത്തരം പ്രവണതകൾക്കെതിരെ മലങ്കര സഭയുടെ യുവത ഉണരണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. നിയമവാഴ്ച്ച നിലനിൽക്കുന്ന രാജ്യത്തെ നിയമ സംവിധാനങ്ങൾ ജനങ്ങൾക്ക് നീതി നടത്തിക്കൊടുക്കുവാനാണ് പരിശ്രമിക്കേണ്ടത്. നീതിന്യായ കോടതികളുടെ വിധികൾ അട്ടിമറിക്കുന്നതിന് കൂട്ട് നിൽക്കുന്ന ഭരണകൂടത്തിന്റെ ഇരട്ടതാപ്പ് അംഗീകരിക്കാനാവില്ല. മലങ്കരസഭ നിയമപരമല്ലാത്ത ഒരു അവകാശങ്ങളും ആനുകൂല്യങ്ങളും ആവശ്യപ്പെടുന്നില്ല. മലങ്കര സഭയുടെ പൈതൃക സ്വത്തുക്കൾ നിയമാനുസൃതം സംരക്ഷിക്കപ്പെടേണ്ടത് അനിവാര്യമാണ്. മലങ്കരസഭ മക്കളുടെയും വൈദികരുടെയും നേരെ കൊഞ്ഞനം കുത്തുന്ന സമീപനം സർക്കാർ അവസാനിപ്പിക്കണം. എത്ര അധിക്ഷേപങ്ങൾ സഹിക്കേണ്ടി വന്നാലും മലങ്കര മക്കളെ ഭിന്നിപ്പിച്ചു നേട്ടം കൊയ്യുന്ന ഛിദ്ര ശക്തികളിൽ നിന്നും മലങ്കരസഭയുടെ ദേവാലയങ്ങൾ സ്വാതന്ത്ര്യത്തിലേക്ക് പ്രവേശിക്കുന്ന കാലം വിദൂരമല്ല. ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കേന്ദ്ര കമ്മിറ്റി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഫാ. ഷിജി കോശി, ഫാ. വിജു ഏലിയാസ്, പേൾ കണ്ണേത്ത്, നിഖിൽ ജോയി, അരുൺ വിജോയ്, അനീഷ് കൊട്ടാരക്കര എന്നിവർ പ്രസംഗിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



മലമടക്കിലെ കെടാവിളക്ക്

ഫാ. കുറിയാക്കോസ് ഒ.ഐ.സി.



മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രഥമ സന്യാസ സമൂഹമായ റാന്നി–പെരുനാട് ബഥനി ആശ്രമത്തിന്റെ ചരിത്രം ആശ്രമാംഗമായിരുന്ന ഫാ. കുറിയാക്കോസ് ഒ.ഐ.സി. രചിച്ച് പ്രശസ്ത പത്രപ്രവർത്തകനായ കെ. വി. മാമ്മൻ എഡിറ്റ് ചെയ്ത് 1994–ൽ ബഥനി ആശ്രമം പ്രസിദ്ധീകരിച്ചിരുന്നു. സമകാലിക ചരിത്രരേഖകൾ കൂട്ടിച്ചേർത്തുകൊണ്ടുള്ള ആ ഗ്രന്ഥത്തിന്റെ പരിഷ്ക്കരിച്ച രൂപം സത്യാന്വേഷികൾക്കായി പ്രസിദ്ധീകരിക്കുന്നു.

16

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസും മാർ ഈവാനിയോസും

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെക്കുറിച്ച് മാർ ഈവാനിയോസ് തന്റെ ഗിരിദീപം (രണ്ടാം പതിപ്പ്) എന്ന ഗ്രന്ഥത്തിൽ (പേജ് 21–22) ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്: “മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയെ നമ്മെപ്പോലെ അടുത്തറിഞ്ഞിട്ടുള്ളവർ വളരെ ദുർലഭമാണെന്നാണ് നമ്മുടെ വിശ്വാസം. വിശാലമായ അവിടുത്തെ ഹൃദയത്തെയും അനന്യസാധാരണമായ സഹിഷ്ണുതയെയും നമുക്ക് കുറെയൊക്കെ കാണുന്നതിന് സംഗതിയായിട്ടുണ്ട്. എന്തും സഹിക്കത്തക്ക ഉറപ്പോടുകൂടിയ നെഞ്ചും ഏതെല്ലാം കണ്ടാലും കേട്ടാലും അടയുകയോ ചെയ്യാത്ത കണ്ണും ചെവിയും അത്രേ ദൈവം അദ്ദേഹത്തിന് നൽകിയിട്ടുള്ളത്.”

ആർച്ച് ബിഷപ്പിന്റെ ജീവചരിത്രകാരനായ ഫാ. തോമസ് ഇഞ്ചക്കലോടി 1967–ൽ പ്രസിദ്ധപ്പെടുത്തിയ പുസ്തകത്തിലും ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട് (പേജ് 335).

അതേ പേജിൽ “കത്തോലിക്കാ പുനരൈക്യാനന്തരം കാതോലിക്കാ ബാവായ്ക്ക് മാർ ഈവാനിയോസ് അയച്ച ഒരു കത്തിൽ മാർ ദീവന്നാസ്യോസുമായുള്ള തന്റെ ബന്ധത്തെക്കുറിച്ച് ഇപ്രകാരമാണ് എഴുതിയിരിക്കുന്നത്: “ഒരു വ്യവഹാരം നടത്തണമെന്ന് ആരെങ്കിലും ഉദ്ദേശിക്കുന്നപക്ഷം അതിൽ മുന്നിട്ടു പ്രവർത്തിക്കേണ്ടത് വലിയ തിരുമേനിയാണ്. തിരുമനസ്സുകൊണ്ട് എന്റെ പിതാവും ഗുരുവുമാകുന്നു. യാതൊരു കളങ്കവും കൂടാത്തതായ സ്നേഹത്തോടും വിശ്വാസത്തോടും കൂടിയാണ് എന്റെ ബാല്യം മുതൽ ഇന്നോളം തിരുമേനിയെ ഞാൻ സ്നേഹിച്ചിട്ടുള്ളത്. തിരുമേനിയും ഞാനും തമ്മിൽ വാദിപ്രതികളായി ഒരു വ്യവഹാരം നടത്തിയിട്ട് ബഥനിപ്പള്ളികളോ സ്വത്തുക്കളോ എന്റെ അധികാരത്തിൻകീഴിലൊ കൈവശത്തിലൊ സൂക്ഷിക്കേണ്ടതായ യാതൊരാവശ്യവും എനിക്കില്ല.”

ഈ ജീവചരിത്രത്തിന്റെ 336–ാം പേജിൽ മാരേട്ട് ഫീലിപ്പോസ് ജഡ്ജിക്ക് അയച്ച ഒരു കത്തിൽ മാർ ഈവാനിയോസിനെപ്പറ്റി മാർ ദീവന്നാസ്യോസ് എഴുതിയിരിക്കുന്ന ഭാഗം ശ്രദ്ധേയമത്രെ: “ഇഹലോകത്തിൽ നമ്മുടെ ബഥനി മെത്രാച്ചനെപ്പോലെ നാം ആരെയും സ്നേഹിക്കയും വിശ്വസിക്കയും ഉണ്ടായിട്ടില്ല. നമ്മുടെ കാതോലിക്കാ ബാവായെക്കാളും നമ്മെക്കാൾ തന്നെയും നാം അദ്ദേഹത്തെ വിശ്വസിക്കയും സ്നേഹിക്കയും ചെയ്തിരുന്നു.”

സെറാമ്പൂർ കോളജ് പ്രൊഫസർ ആയിരുന്ന അവസരത്തിൽ (1917) മാർ ദീവന്നാസ്യോസ് മാർ ഈവാനിയോസിന് അയച്ചുകൊടുത്ത ഒരു കത്തിൽ കീഴ്വരയിട്ടുകൊണ്ട് എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്: “നമുക്ക് ഒരു വിശ്വ

സ്തനും സത്യസ്നേഹിതനും ഉണ്ടെങ്കിൽ അതു താനാണെന്ന് അറിയാത്ത വനല്ല നാം" (ഇങ്ങനെ എഴുതിയ മാർ ഈവാനിയോസാണ് എഴുപതിൽപരം എം.ഡി. സ്കൂളുകളുടെ മാനേജ്മെന്റ് സംബന്ധിച്ച് സുദീർഘമായ കേസ് വട്ട ശ്ശേരിൽ മെത്രാച്ചനുമായി നടത്തിയത്).

"ഇപ്രകാരം മുപ്പതു വർഷത്തോളം (1900-1930) പിതാവും ഗുരുവുമായി സ്വീക രിച്ചിരുന്ന വട്ടശ്ശേരിൽ തിരുമേനിയിൽ നിന്നു കത്തോലിക്കാ പുനരൈക്യം മുഖേന മരണപര്യന്തം വേർപെടുക എന്നത് മാർ ഈവാനിയോസിനും 'സ്വന്തം മകനും ഉത്തമ സുഹൃത്തും' എന്നോണം പരിഗണിച്ചിരുന്ന ഈവാനിയോസിൽ നിന്ന് എന്നന്നേക്കും അകലുക എന്നുള്ളത് വട്ടശ്ശേരിൽ തിരുമേനിക്കും എത്ര മാത്രം സങ്കടജനകവും മർമ്മഭേദകവും ആയിരിക്കും എന്നുള്ളതും ഏകദേശം ഊഹിക്കാവുന്നതാണല്ലോ. എങ്കിലും ധീരഹൃദയനായ കഥാപുരുഷൻ ദൈവ സ്നേഹത്തെപ്രതി മനഃസാക്ഷിയുടെ പ്രേരണയ്ക്ക് അധീനനായി അവസാനം അതിനു സന്നദ്ധനാകുക തന്നെ ചെയ്തു."

മാർ ഈവാനിയോസ്, വട്ടശ്ശേരിൽ തിരുമേനിയെ അവഗണിച്ച് പുതിയ സഭാ ഐക്യ പദ്ധതിക്ക് നേതൃത്വം കൊടുത്തപ്പോൾ മാർ ഈവാനിയോസിന്റെ ധീര ഹൃദയത്തെയും മനസ്സാക്ഷിയുടെ പ്രേരണയെയും പ്രശംസിച്ച ജീവചരിത്ര കാരൻ, മാർ ഈവാനിയോസിന്റെ ശിഷ്യനായ ഫാ. അലക്സിയോസ്, മാർ ഈവാനിയോസിനെ അനുസരിക്കാത്തവനാണെന്നും, ആശ്രമത്തിൽ എതിർ പ്രചരണം നടത്തിയെന്നും, അതു തെറ്റായിപ്പോയെന്നും ഫാ. അലക്സിയോ സിനും 'ശുദ്ധ മനഃസാക്ഷി'യുടെ പ്രേരണ ഉണ്ടായി എന്ന വിവരം അവഗണി ച്ചുകൊണ്ട് ഈ ജീവചരിത്രപുസ്തകത്തിൽ പ്രസ്താവിച്ചിട്ടുണ്ട് (ജീവചരിത്ര ം, പേജ് 418-420).

മാർ ഈവാനിയോസിന്റെ ശിഷ്യനും (എം. ഡി. സെമിനാരി) ഉത്തമസുഹൃ ത്തുമായ ഫാ. മാത്യൂസ് പാറേട്ടിന്റെ സഹോദരനും സുപ്രസിദ്ധ സഭാചരിത്ര കാരനുമായ ഇസ്സഡ്. എം. പാറേട്ട് എഴുതിയ *വട്ടശ്ശേരിൽ മാർ ദീവന്നാസ്യോ സ്: നിത്യാക്ഷരങ്ങൾ രണ്ടാം വാല്യ*ത്തിൽ (പേജ് 388) നിന്നുള്ള ഉദ്ധരണിക ളിൽ ചിലത് ഇവിടെ ചേർക്കുന്നത് പ്രസക്തമായിരിക്കുമെന്ന് വിചാരിക്കുന്നു: "നസ്രാണികളെ റോമാ നുകത്തിൻകീഴിലാക്കുവാൻ 1599-ൽ ഉദയംപേരൂർ സുന്നഹദോസ് നടത്തിയ മെനെസിസ് ഒരു പറങ്കി മെത്രാനായിരുന്നെങ്കിൽ ഇരുപതാം നൂറ്റാണ്ടിന്റെ മൂന്നാം ദശകത്തിൽ നസ്രാണികളെ തൂത്തുകൂട്ടി റോമാ ഇടുക്കിൽ അടയ്ക്കാൻ ശ്രമിച്ച മാർ ഈവാനിയോസ് ഒരു നസ്രാണി മെത്രാപ്പോലീത്താ ആയിരുന്നു എന്നൊരു വ്യത്യാസമുണ്ട്. പറങ്കി മെത്രാന് ഭൂരിപക്ഷത്തെ തൽക്കാലത്തേക്ക് കൂട്ടിലാക്കുവാൻ കഴിഞ്ഞു. എന്നാൽ വട്ട ശ്ശേരിൽ ദീവന്നാസ്യോസിന്റെ വ്യക്തിമാഹാത്മ്യം കാരണത്താലും മറ്റും മെനെ സിസിന്റെ അനിയനായി പ്രത്യക്ഷപ്പെട്ട ഈവാനിയോസിന്, ജനങ്ങൾക്കു പകരം വിശ്വസിച്ചേൽപ്പിക്കപ്പെട്ടിരുന്ന ചില പള്ളിക്കൂടങ്ങളും പള്ളികളും തൽക്കാലത്തേക്ക് കൈവശപ്പെടുത്തി തൃപ്തിപ്പെടേണ്ടതായി വന്നു."

തുടർന്ന് 406-ാം പേജിൽ ഇപ്രകാരം കാണുന്നു: "കടപ്പാട്: മാർ ഈവാനി യോസിന്റെ കാഴ്ചപ്പാട്.' മലങ്കര സമുദായത്തോടും മാർ ദീവന്നാസ്യോസി നോടും തനിക്ക് വളരെയധികം കടപ്പാടുണ്ടായിരുന്നെന്നു ആർച്ച് ബിഷപ്പായി ത്തീർന്ന ഫാ. ഗീവർഗീസ് വിശ്വസിച്ചിരുന്നു എന്ന് സെറാമ്പൂരിൽ നിന്നു 1917 നവംബർ 25-ന് അദ്ദേഹം മാർ ദീവന്നാസ്യോസിനയച്ച കത്ത് തെളിയിക്കുന്നു. ദീർഘമായ ആ കത്തിൽ നിന്ന് ചില ഭാഗങ്ങളുടെ സംക്ഷേപം താഴെ ചേർക്കു ന്നു. ഇതുപോലുള്ള കത്തുകൾ വേറെയും ഉണ്ട്. "Most Beloved Father ... തിരു മനസ്സുകൊണ്ട് ഒരു വിത്തു വിതച്ചു. അതു ഞാനാണ്. വിത്തു നൂറു മേനി ഫലം കൊടുക്കണമെന്നു വരികിൽ എന്താണ് വേണ്ടതെന്ന് ഞാൻ പറയണ മെന്നില്ലല്ലോ. അങ്ങനെ നൂറു മേനി ഫലം കൊടുത്ത് ദൈവത്തെ മഹത്വപ്പെടു ത്തത്തക്കവിധത്തിൽ ഒരു സ്ഥാപനമായി ബഥനിയെ ആക്കിത്തീർക്കണം. ഇക്കാ ര്യത്തിൽ യാതൊരു തൻകാര്യ ബുദ്ധിയുമില്ല. ലവലേശമെങ്കിലും selfishness കൂടാതെയാണ് ഈ ശ്രമം ചെയ്യുന്നത്" (പേജ് 407). തിരുമനസ്സിലെ ചിറകിൻകീ ഴിൽ ഈ കാര്യങ്ങളിൽ പ്രധാനമായി ശ്രമിക്കുന്നത് ഞാനാണല്ലോ. എനിക്കു ബഥാന്യയിൽ ഏതെങ്കിലും അധികാരമോ വലിപ്പമോ ഉണ്ടാകുവാൻപോലും കഴിവില്ലാത്ത സ്ഥിതിയിൽ അതിന്റെ നിയമവും നടത്തിപ്പും ആയിരിക്കണമെ ന്നാണ് ഞാൻ ആലോചിക്കുന്നതും ആഗ്രഹിക്കുന്നതും ... ബഥാന്യയെപ്പറ്റി തിരുമനസ്സുകൊണ്ട് നന്നായി ആലോചിച്ച് വേണ്ടപോലെ നടത്തിക്കണമെ ന്നുള്ള അപേക്ഷയാണ് എനിക്കുള്ളത്. ... ഇതെല്ലാം ദൈവത്തിന്റെ മഹത്വ ത്തിനും സഭയുടെ ഐശ്വര്യത്തിനും വഴിയാക്കാനുള്ള യഥാർത്ഥ ആഗ്രഹം



കൊണ്ടും selfish ആയിട്ടുള്ള യാതൊരു ഉദ്ദേശ്യവും കൂടാതെയും തിരുമന സ്സിലെ നിഷ്കളങ്കമായ തൃപ്തിയും അനുഗ്രഹവും ഉണ്ടെന്നും, എപ്പോഴും ഉണ്ടാ യിരിക്കുമെന്നുമുള്ള വിശ്വാസത്തിലും ധൈര്യത്തിലുമാണ് ... ഈ നിലയില ല്ലാതെ എനിക്കു യാതൊരു ആഗ്രഹവുമില്ലായെന്ന് തിരുമനസ്സുകൊണ്ട് നന്നായി ധൈര്യപ്പെട്ടുകൊള്ളണം.

എത്ര ബുദ്ധിമുട്ടിയാലും നമ്മുടെ നാട്ടിൽ നിന്നുള്ള പണമല്ലാതെ വെളി ക്കു നിന്നാരുടെയും ഒരു കാശുപോലും വാങ്ങരുത് എന്നാണാഗ്രഹം. മട്ടയ്ക്കൽ ശെമ്മാശനും (പിന്നീട് ഫാ. അലക്സിയോസ്) ഞാനും ഇതിലേക്ക് പൂർണ്ണ മായി തിരിഞ്ഞിരിക്കയാണെന്ന് തിരുമനസ്സിലേക്കറിയാമല്ലോ. ... പുറജാതിക ളുടെയിടയിൽ ദൈവവേലയ്ക്കു പുറപ്പെടുന്നതിനു ദയറായക്കാരായിത്തീരണ മെന്നും അതിനുവേണ്ട വേലകളും ഒരുക്കവുമാണ് ബഥാന്യയിൽ നടക്കേണ്ട തെന്നും ആഗ്രഹിക്കുന്ന എനിക്കും മട്ടയ്ക്കൽ ശെമ്മാശനും അതിനുതക്ക എന്തെങ്കിലും വേഷവും കൂടി കല്പിച്ചുതന്നാൽ കൊള്ളാമെന്നും അപേക്ഷ യുണ്ട്. ...

കടപ്പാട്: മാമ്മൻ മാപ്പിളയുടെ ദൃഷ്ടിയിൽ

മാർ ഈവാനിയോസിന്റെ ഗുരുവായ കെ. സി. മാമ്മൻ മാപ്പിളയുടെ 'ജീവി തസ്മരണകളിൽ' നിന്ന് ഉദ്ധരിക്കട്ടെ: "... വേളയിലാണ് മാവേലിക്കര സ്വദേ ശിയായ പി. റ്റി. ഗീവർഗീസ് ശെമ്മാശൻ എന്നൊരു വിദ്യാർത്ഥി എം. ഡി. ഹൈസ്ക്കൂളിൽ നാലാം ഫാറത്തിൽ (8-ാം ക്ലാസ്സ്) വന്നുചേർന്നത്. ഈ ശെമ്മാ ശൻ സ്വതേ സമർത്ഥനും ബുദ്ധിമാനുമായിരുന്നതിനാൽ മല്പാനച്ചന്റെ (പി ന്നീട് ഗീവറുഗീസ് ദീവന്നാസ്യോസ്) സവിശേഷമായ വാത്സല്യത്തിന് പാത്രീ ഭവിച്ചു. മല്പാനച്ചൻ ഈ ശെമ്മാശന്റെ പഠിത്തകാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധി ക്കുകയും അതുപോലെതന്നെ ശെമ്മാശനും മല്പാനച്ചനോട് എന്തെന്നില്ലാത്ത ഭക്ത്യാദരങ്ങൾ ഉളവാക്കുകയും ചെയ്തു. ഇരുവരും തമ്മിൽ പിതൃപുത്ര നിർവി ശേഷമായ ഒരു ഹൃദയബന്ധം വളർന്നു വന്നു. ഭാവിയിൽ സഭാസേവനത്തിനു മല്പാനച്ചന്റെ മനസ്സിനിണങ്ങിയ ഏറ്റവും യോഗ്യനായ ഒരു ചെറുപ്പക്കാരനെ കണ്ടുകിട്ടിയാലെന്നപോലെ ശെമ്മാശന്റെ സകല വിദ്യാഭ്യാസച്ചെലവുകളും സമുദായച്ചെലവിൽ മല്പാനച്ചൻ സൗജന്യമായി നിർവ്വഹിച്ചുകൊടുത്തു. ശെമ്മാശൻ മെട്രിക്കുലേഷൻ ക്ലാസ്സു വരെ സമുദായച്ചെലവിൽ എം.ഡി. യിൽ പഠിച്ചു. അവിടെനിന്നു മെട്രിക്കുലേഷൻ പരീക്ഷ പാസ്സായശേഷം മല്പാന ച്ചൻ അദ്ദേഹത്തെ സമുദായച്ചെലവിൽ കോട്ടയം സി.എം.എസ്. കോളജിൽ അയച്ചു. അവിടെ നിന്നു എഫ്.എ. (പ്രീ-ഡിഗ്രി) പരീക്ഷ ജയിച്ചശേഷം ഉൽക്കൃഷ്ട വിദ്യാഭ്യാസത്തിനായി മദ്രാസ് ക്രിസ്ത്യൻ കോളജിൽ അയച്ചു. അവിടെ നിന്നു ബി.എ. പരീക്ഷ പാസ്സായി. എം.എ. പാസ്സായി മടങ്ങിവന്നു. ... മല്പാനച്ചന്റെ സാമ്പത്തികമായ സൗജന്യ സഹായങ്ങൾകൊണ്ട് എം.എ. ബിരു ദധാരിയായിത്തീർന്ന ശെമ്മാശനെ സമുദായസേവനത്തിൽ ഒരു പ്രധാന സ്ഥാനത്തു പ്രതിഷ്ഠിക്കാനുള്ള അഭിനിവേശം മല്പാനച്ചനിൽ കൊടുമ്പിരി കൊണ്ടു." ഈവാനിയോസിന്റെ കടപ്പാട് മാമ്മൻ മാപ്പിള കണ്ടത് ഈ വിധമാ യിരുന്നു (മലയാള മനോരമ ആഴ്ചപ്പതിപ്പ്, 1956 ആഗസ്റ്റ് നാല്).

മാർ ദീവന്നാസ്യോസിനെ കുത്തുന്നു

'മാർ ദീവന്നാസ്യോസിനെ കുത്തുന്നു' എന്ന് ഫാ. പറേട്ടിന്റെ ഡയറിയിൽ കാണുന്നതിൽ നിന്ന്: "1102 ചിങ്ങം 23: സെമിനാരിക്കു പോയി. ബഥനി മെത്രാച്ചന്റെ റോമാ ചായ്‌വിനെ സംബന്ധിച്ച് വളരെ സങ്കടമായും ദണ്ഡമായും മെത്രാച്ചൻ സംസാരിച്ചു. അവ ഒരിക്കലും നന്നല്ലെന്നും അമ്മയ്ക്കപരാധം പറയുന്നതുപോലെയാണെന്നും മെത്രാച്ചനെ കുത്തുകയാണെന്നും പറഞ്ഞു."

'പിതൃപുത്ര നിർവിശേഷമായ ഹൃദയബന്ധം' ഉണ്ടായിരുന്നുവെന്ന് അന്നു വളരെ അടുത്തു പെരുമാറിക്കൊണ്ടിരുന്ന കെ. സി. മാമ്മൻ മാപ്പിള രേഖപ്പെടുത്തിയിട്ടുള്ള പിതാവ്, പുത്രനെപ്പറ്റി പറഞ്ഞതാണ് ഇത് എന്നോർത്താൽ ഈ ആരോപണത്തിന്റെ ഗൗരവം ശരിക്കു മനസ്സിലാക്കാം (*നിത്യാക്ഷരങ്ങൾ*, വാല്യം രണ്ട്, പേജ് 419).

ഫാദർ പാറേട്ടിന്റെ ഡയറിയിൽ നിന്നും വീണ്ടും കാണുക: "102 തുലാം 18. പരുമല സെമിനാരി. ... ബഥനി മെത്രാച്ചന് മറ്റു സഭകളുമായി യോജിച്ചുപോകണമെന്നുള്ള അഭിപ്രായം റോമാഭ്രമമാണെന്ന് മറ്റുള്ളവർ വ്യാഖ്യാനിക്കുന്നു. അത് വലിയ ദോഷം സഭയ്ക്കു ചെയ്യുന്നു. അതിനാൽ അദ്ദേഹം വിട്ടുപോയാലും തരക്കേടില്ല എന്ന് വലിയ മെത്രാച്ചൻ പറഞ്ഞു" (*നിത്യാക്ഷരങ്ങൾ വാല്യം 2*, പേജ് 421).

ഈവാനിയോസിന്റെ ജീവചരിത്രപുസ്തകം ഒന്നാം വാല്യം 347-ാം പേജിൽ ഇപ്രകാരം കാണുന്നു: "ഇപ്രകാരമുള്ള പല കത്തുകൾ മാർ ദീവന്നാസ്യോസ് അയപ്പിച്ചു എങ്കിലും സ്വപിതാവിനെപ്പോലെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തിരുന്ന അദ്ദേഹത്തെ നേരിട്ട് കണ്ട് എതിർക്കുന്നതിൽ കഥാപുരുഷൻ അനല്പമായ വൈമനസ്യമാണ് പ്രകടിപ്പിച്ചത്. പരുമലയിലൊ തിരുവല്ലയിലൊ വച്ച് മാർ ദീവന്നാസ്യോസുമായി കണ്ട് അഭിപ്രായവ്യത്യാസങ്ങൾ നീക്കണമെന്ന് കാണിച്ചുകൊണ്ടുള്ള കത്തുകൾ കാതോലിക്കാ ബാവായും കഥാപുരുഷന്റെ പേർക്ക് അയച്ചുകൊടുത്തു. പക്ഷേ, ചില നിസ്സാര കാരണങ്ങൾ ഉന്നയിച്ചുകൊണ്ട് പരസ്പര സന്ദർശനത്തിന് ഇടനൽകാതെ കഥാപുരുഷൻ ഒഴിഞ്ഞുമാറുകയാണുണ്ടായത്."

മാർ ഈവാനിയോസിന്റെ വിദ്യാഭ്യാസത്തിനുവേണ്ടി മലങ്കര സമുദായത്തിൽ നിന്ന് 1804 രൂപ ചെലവാക്കിയിട്ടുണ്ടെന്നും ആ വകയിൽ അദ്ദേഹം സെറാമ്പൂരിൽ ജോലി ചെയ്ത കാലത്ത് മൂവായിരത്തി നാനൂറ്റിനാല് രൂപ മടക്കിക്കൊടുത്ത് ബാദ്ധ്യത തീർത്തു എന്നും ജീവചരിത്രത്തിൽ പറയുന്നുണ്ട് (അതു രൊക്കം രൂപ പറ്റിയ തുക മാത്രമാണൊ, അതോ ഭക്ഷണം, വസ്ത്രം, യാത്ര മുതലായവയുടെ ചെലവുകൾ കൂട്ടിയാണോ എന്ന് പ്രസ്താവിക്കുന്നില്ല). കടബാദ്ധ്യത തീർന്നു കഴിഞ്ഞാൽ ആ വ്യക്തിയോടോ, സ്ഥാപനത്തോടോ പിന്നീട് ബാദ്ധ്യതകളൊന്നും ഇല്ലല്ലൊ. പക്ഷേ ഊട്ടി വളർത്തിയ മാതൃസഭയോടുള്ള ബന്ധവും കടപ്പാടും ഇപ്രകാരമുള്ള കടംവീട്ടൽകൊണ്ട് തീരുമോ? റീത്തു പ്രസ്ഥാനം ആരംഭിച്ച ശേഷം കേസുകളാലും മറ്റും മാതൃസഭയെ പീഡിപ്പിച്ചത് ഈ കടബാദ്ധ്യത തീർന്ന ശേഷമാണല്ലോ എന്ന് സമാധാനിക്കാം.

(തുടരും)



First-year BD students, accompanied by faculty members, visited His Holiness Baselios Marthoma Mathews III at Devalokam Catholicate Aramana.



അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസിംങ്ങ് ചെയർമാനായി ചുമതലയേറ്റ ഡോ. ബെന്നി കക്കാട്.



Inauguration of Darpanam 2024-25 at Orthodox Seminary, Kottayam

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

പെന്തിക്കോസ്തിക്ക് ശേഷം ആറാം ഞായർ

(വി. ലൂക്കോസ് 13:22-35)



ഫാ. ജെറിൻ ജോൺ അടൂർ

ക്രൈസ്തവജീവിതം അവശ്യം കടന്നുപോകേണ്ട ജീവിതാവസ്ഥയുടെ വളരെ സുന്ദരമായൊരു ചിത്രമാണ് ക്രിസ്തു ഇന്നത്തെ സുവിശേഷത്തിൽ വരച്ചുകാട്ടുന്നത്. ഇന്നത്തെ സുവിശേഷത്തിൽ ക്രിസ്തു ഉപയോഗിക്കുന്ന മനോഹരമായ രൂപകമാണ് വാതിൽ. വാതിലിനൊരു മറഷലരശേല, വിശേഷണവും ക്രിസ്തു നൽകുന്നുണ്ട്: ഇടുങ്ങിയ. അങ്ങനെ ക്രിസ്തു ഉപയോഗിക്കുന്ന രൂപകത്തിന്റെ പൂർണരൂപം 'ഇടുങ്ങിയ വാതിൽ' എന്നാണ്. എന്താണ് ഇടുങ്ങിയ വാതിൽ എന്നതുകൊണ്ട് ക്രിസ്തു അർത്ഥമാക്കുന്നത്?

വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തിൽ ജെറുസലേം ദൈവത്തിന്റെ രക്ഷയുടെ പട്ടണമാണ്; ദൈവത്തിന്റെ രക്ഷയുടെ പ്രതീകമാണ്; ദൈവത്തിന്റെ രക്ഷയുടെ നീർച്ചാൽ പെട്ടിപ്പുറപ്പെടുന്നത് യരുശലേമിൽ നിന്നാണ്. പട്ടണങ്ങളിലും ഗ്രാമങ്ങളിലും, ചുറ്റി സഞ്ചരിച്ച ക്രിസ്തു യറുശലേമിനെ ലക്ഷ്യമാക്കിയുള്ള തന്റെ യാത്രയുടെ തുടക്കത്തിലാണ് ഒരുവന്റെ ചോദ്യം? "കർത്താവേ, രക്ഷപ്രാപിക്കുന്നവർ ചുരുക്കമാണോ?" ചോദ്യത്തിനുള്ള ഉത്തരം പറയാതെ ക്രിസ്തു അവന് പറഞ്ഞുകൊടുക്കുന്നത് രക്ഷയിലേക്കുള്ള വഴിയാണ്; അതിന്റെ സ്വഭാവമാണ്; അതിന്റെ നീളവും വീതിയുമാണ്. മാത്രമല്ല, ഈ വഴിയിലൂടെ, വാതിലിലൂടെ കടന്നുവരുന്നവർക്ക് മാത്രമേ, രക്ഷയിലേക്ക് പ്രവേശിക്കുവാൻ സാധിക്കുകയുള്ളു എന്നും ക്രിസ്തു അവന് പറഞ്ഞുകൊടുക്കുകയാണ്.

അകം മനോഹരമായ ഇടുങ്ങിയ വാതിൽ

ഒരേയൊരു വാതിലാണ് നമ്മുടെ മുന്നിലുള്ളത്. അത് തുറക്കുന്നത് പുതിയൊരു ലോകത്തിലേക്കുമാണ്. ആ വാതിലോ ഇടുങ്ങിയതാണ്. അതിലൂടെ പ്രവേശിക്കാൻ പരിശ്രമം ആവശ്യമാണ്. എന്തുകൊണ്ട് ഇടുങ്ങിയ വാതിൽ? രക്ഷിക്കപ്പെട്ടവരുടെ എണ്ണം നിയന്ത്രിക്കാനാണോ? അല്ല. ക്രിസ്തുവാണ് ഇടുങ്ങിയ വാതിൽ. ഇന്നിനും നിത്യതയ്ക്കും മധ്യേയുള്ള ഏക വാതിലാണവൻ. ആ വാതിൽ ഇടുങ്ങിയത് തന്നെയാണ്, കാരണം അത് തുറക്കുന്നത് നമ്മുടെ എല്ലാ പ്രയാണങ്ങളും അവസാനിക്കുന്ന ഇടത്തിലേക്കാണ്. ആ ഇടം ശുശ്രൂഷിക്കാൻ വന്നവന്റെ ഇടമാണ്, സ്വയം ശൂന്യവൽക്കരിച്ചവന്റെ ഇടമാണ്. അതേ ഇടം തന്നെയാണ് അവൻ കരങ്ങളിലെടുത്ത് എല്ലാവരുടെയും മധ്യേ നിർത്തിയ കുഞ്ഞിന്റെ ഇടവും. മുതിർന്നവരുടെ നടുവിൽ ആ ഇടം ചെറുതാണ്. ആ ഇടം തന്നെയാണ് ഇടുങ്ങിയ വാതിലും. ആ വാതിൽ സ്വയം ബലിയാകാൻ മതിയായ ഒരു കുരിശുമരത്തിലേക്കും വിരൽ ചൂണ്ടുന്നുണ്ട്.

വാതിൽ ഇടുങ്ങിയതാണ്. പക്ഷേ, അകം അതിവിശാലമാണ്. അവിടെ കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വടക്കുനിന്നും തെക്കുനിന്നുമുള്ള ജനങ്ങളുണ്ട്. അവന്റെ കൂടെയുള്ളവർ എന്ന് അഭിമാനിക്കുന്ന നമ്മളെക്കാൾ മെച്ചമുള്ളവരാണോ അവർ? അല്ലായിരിക്കാം. എന്നിട്ടും, നോക്കുക, അവർ സൂചിക്കുഴയിലൂടെ പ്രവേശിക്കുന്ന ഒട്ടകത്തെ പോലെ അകത്ത് കയറിയിരിക്കുന്നു. നമ്മളോ? പുറത്തും നിൽക്കുന്നു. എവിടെപ്പോയി നമ്മൾ കൊട്ടിഘോഷിച്ച അഭിമാനം? എവിടെപ്പോയി അവനോടൊപ്പം നമ്മൾ ചിലവഴിച്ച ദിനങ്ങളും അനുഭവങ്ങളും? അപ്പോൾ ഒരു കാര്യം വ്യക്തമാണ്, അവനോടൊപ്പം നമ്മൾ ഉണ്ടായിരുന്നു എന്നത് അകത്തു പ്രവേശിക്കാനുള്ള യോഗ്യതയല്ല. എന്തൊക്കെയോ ഒരു ഇടുങ്ങിയ തലം അതിനപ്പുറത്തുണ്ട്. അത് ചെറുതാകലിന്റെ തലമാണ്. മുമ്പന്മാർ പിമ്പന്മാരായി മാറുന്ന യുക്തിയാണ്.

വാതിൽ ഇടുങ്ങിയതാണ്. പക്ഷെ, അകം അതിമനോഹരമാണ്. അവിടെ ആഘോഷമുണ്ട്. അബ്രാഹവും ഇസഹാക്കും യാക്കോബും സകല പ്രവാചകൻമാരും അടങ്ങിയ വലിയ കുടുംബമാണത്. വിലാപത്തിന്റെയും പല്ലിറുമ്മലിന്റെയും ചുഴലിക്കാറ്റുകൾ അവിടെ വീശില്ല. ആശയക്കുഴപ്പങ്ങൾ വർണ്ണാഭമായി അനുഭവപ്പെടില്ല. അത് വ്യത്യസ്തമായ ഒരു ലോകമാണ്. അവിടെ നമ്മൾ അപരിചിതരല്ല, പരസ്പരം അറിയുന്ന സഹോദരർ മാത്രമാണ്.



ഫലപ്രദമായവയ്ക്ക് വേണ്ടിയുള്ള രക്ഷയുടെ വാതിൽ

വാതിൽ ക്ഷണമാണ്. മതിൽ തടയാണ്. വാതിൽ രക്ഷയാണ്. മതിൽ പ്രതിബന്ധമാണ്.വാതിൽ പ്രതീക്ഷയാണ്. മതിൽ പ്രതിരോധമാണ്. വെളിപാടിൽ വാതിലായവൻതന്നെ വാതിലിൽ മുട്ടുന്ന ചിത്രമുണ്ട്. രക്ഷകൻ രക്ഷയുമായി വാതിലിൽ മുട്ടുന്ന ചിത്രം. ഉത്തമഗീതത്തിൽ വാതിലിൽ മുട്ടിയിട്ടും തുറക്കപ്പെടാത്തതിനാൽ കടന്നുപോകുന്ന രക്ഷകന്റെ കാവ്യാവിഷ്കാരമുണ്ട്. 'പിമ്പന്മാരായിരുന്നവർ മുമ്പന്മാരും മുമ്പന്മാരായിരുന്നവർ പിമ്പന്മാരുമാകുന്ന' രക്ഷാകരമായ അനുഭവത്തിന്റെ വ്യത്യസ്തകാഴ്ചകൾ ഈ സുവിശേഷഭാഗം പങ്കുവയ്ക്കുന്നു. ലൂക്കാസ് വിശേഷത്തിൽ മനസ്സിന്റെ വാതിൽ തുറന്നിട്ട് യേശുവിനെ സ്വീകരിച്ച സക്കായിക്കുണ്ട്. രക്ഷകൻ അവനു നൽകിയ സമ്മാനം രക്ഷയുടെ ഭവനമാണ്: "ഇന്ന് ഈ ഭവനം രക്ഷ പ്രാപിച്ചിരിക്കുന്നു."

"ഫലപ്രദമായ പ്രവർത്തനത്തിനുള്ള ഒരു വലിയ വാതിൽ എനിക്കു തുറന്നുകിട്ടിയിട്ടുണ്ട്" (1 കോരി. 16:9)

ഇതു പൗലോസ് ശ്ലീഹായ്ക്കു മുമ്പിൽ തുറക്കപ്പെട്ട വാതിലാണ്. രക്ഷാക രമായ സുവിശേഷത്തിന്റെ വലിയ വാതിലാണ്. ക്രിസ്തുവിനെപ്രതിയുള്ള വലിയ സഹനസരണികളുടെ വലിയ വാതിലാണ്.

'നിങ്ങൾ എവിടെനിന്നാണെന്നു ഞാൻ അറിയുന്നില്ല. അനീതി പ്രവർത്തി ക്കുന്നവരേ, നിങ്ങൾ എന്നിൽനിന്ന് അകന്നുപോകുവിൻ" (ലൂക്കോ.13:27).

'നിങ്ങളെ ഞാൻ അറിയുന്നില്ല' എന്നുള്ള വാക്കുകൾ ഇവിടെ രണ്ടു വട്ടം ആവർത്തിക്കുന്നതായി കാണുന്നു. കർത്താവിന്റെ കർക്കശമായ വാക്കുകൾ. മയമില്ലാത്ത മൊഴികൾ. കാരണം, അവർ നീതി ചെയ്തില്ല. അവർ ഇടപെട്ടവ രോട് അയവോ മയമോ കാട്ടിയില്ല. അലിവോ ആർദ്രതയോ കാട്ടിയില്ല. അർഹി ക്കുന്നവന് അർഹിക്കുന്നത് ചെയ്തുകൊടുത്തില്ല. ശതാധിപൻ ക്രിസ്തുവിന്റെ കുരിശിനു മുന്നിൽ നിന്നുകൊണ്ട് പറഞ്ഞത് അവൻ നീതിമാനായിരുന്നു എന്നാണ്. പുതിയ നിയമത്തിലെ ജോസഫിന്റെ സർവഗുണങ്ങളും 'നീതിമാൻ' എന്ന ഏകവിശേഷണത്തിൽ കാച്ചിക്കുറുക്കി സംഗ്രഹിച്ചിരിക്കുകയാണ്. നീതിമാനായ കർത്താവിന് അനീതി അരോചകമാണ്, അറപ്പാണ്.

അനീതി അകലമുണ്ടാക്കുന്നു. അത് ഒരുവനെ മനുഷ്യരിൽനിന്നകറ്റുന്നു. അതുപോലെ, ദൈവത്തിൽനിന്നും. മനുഷ്യരെ അകറ്റിനിർത്തുന്നവനെ മനുഷ്യ രോടു നീതി ചെയ്യാത്തവനെ ദൈവം അകറ്റിനിർത്തുന്നു. അനീതി അകലമാ ണെങ്കിൽ നീതി അടുപ്പമാണ്. നീതിബോധത്തോടെയും നീതി ചെയ്തും ദൈവ ത്തോടും മനുഷ്യരോടും നമുക്ക് അടുപ്പമുള്ളവരാകാം. "കർത്താവേ, നിന്റെ കൂടാത്തിൽ ആരു വസിക്കും? നിന്റെ വിശുദ്ധഗിരിയിൽ ആരു വിശ്രമിക്കും?

കറ കൂടാതെ ജീവിക്കുന്നവനും നീതി പ്രവർത്തിക്കുന്നവനും ഹൃദയത്തിൽ സത്യമുള്ളവനും, നാവുകൊണ്ട് വഞ്ചിക്കാത്തവനുംഅന്യായപ്പലിശ വാങ്ങാത്ത വനും. ഇങ്ങനെ ജീവിക്കുന്നവൻ നീതിമാനാകുന്നു" (സങ്കീ. 15).

ഇടുങ്ങിയ വാതിലിലൂടെയുള്ള പ്രവേശനം ക്ലേശകരവും അപമാനകരവും പരിത്യക്തവുമായിരിക്കും. എളുപ്പത്തിൽ കടന്നുപോകാവുന്ന വഴിയായിരിക്കില്ല അത്. അത് വഴുവഴുക്കുന്നതും മുള്ളുകൾ നിറഞ്ഞതുമായിരിക്കും. അപമാന ങ്ങൾ കേൾക്കേണ്ടി വരും. അതെല്ലാം മുന്നിൽ കണ്ടുകൊണ്ട് യേശു പറഞ്ഞത്, 'ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കാൻ പരിശ്രമിക്കുവിൻ. ഞാൻ നിങ്ങളോടു പറയുന്നു, അനേകം പേർ പ്രവേശിക്കാൻ ശ്രമിക്കും. എന്നാൽ അവർക്കു സാധി ക്കുകയില്ല' (ലൂക്ക 13, 23). യഹൂദരെ മുന്നിൽ കണ്ടുകൊണ്ടാണ് യേശു വസ്തുത അവതരിപ്പിക്കുന്നതെങ്കിലും ഈ കാലഘട്ടത്തിലും ഈ വചനത്തിന് പ്രസക്തിയുണ്ട്. യഹൂദർ യേശുവിന്റെ വചനത്തെ തള്ളിക്കളയുമെങ്കിലും വിജാതീയർ യേശുവിൻറെ വചനത്തിന് പ്രസക്തി നൽകി. ഇന്നും സഭയിലെ അംഗങ്ങൾ ദൈവവചനത്തോടും ക്രിസ്തുവിനോടും വിശ്വസ്തരാകാതിരി ക്കുമ്പോൾ അക്രൈസ്തവരായിരിക്കും രക്ഷയുടെ ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുക.

ഇടുങ്ങിയ വാതിലുകൾ എക്കാലത്തേക്കും തുറന്നുകിടക്കണമെന്നില്ല. യേശുവിന്റെ വചനം കേട്ടിട്ട് സമകാലികരായ യഹൂദർ തന്റെ പ്രബോധനങ്ങൾ തള്ളിക്കളയുന്നു. അതുമൂലം വിജാതീയർ ദൈവരാജ്യം കരസ്ഥമാക്കും എന്ന് യഹൂദരോട് യേശു പറയുകയാണ്. ഇന്നും എന്നും എല്ലാവരും ആദ്യം തേടുന്നത് ആ വിശാലമായ കുറുക്കുവഴികൾ തന്നെയാണ്. ഹൃദയത്തിൽ തീവ്രമായ ആഗ്ര ഹവും രക്ഷപ്രാപിക്കുവാൻ കഴിയും എന്ന് ബോധ്യവുമുള്ളവർക്ക് മാത്രമേ കുറുക്കുവഴികൾ ഉപേക്ഷിക്കാനും യഥാർത്ഥ പാത തിരഞ്ഞെടുക്കുവാനും കഴി യുകയുള്ളൂ. നമുക്കും ജീവിതത്തിൽ രക്ഷ പ്രാപിക്കണം, വിജയിക്കണം എന്നു മുള്ള തീവ്രമായ ആഗ്രഹമുണ്ടോ. ഉണ്ടെങ്കിൽ നമ്മൾ ക്രിസ്തുവിൻറെ വച നത്തെ ആശ്രയിക്കും. സഹനവും ക്ലേശവും ബുദ്ധിമുട്ടുകളും അപമാനങ്ങളും ഉണ്ടാകും; പക്ഷേ, വിജയിക്കാനും ദൈവരാജ്യം കരസ്ഥമാക്കുവാനും സാധിക്കും. നീതി പ്രവർത്തിക്കുന്നവർക്കും സത്യത്തിൻറെ പാതയിലൂടെ ചരി ക്കുന്നവർക്കും മാത്രമേ ഈ നിത്യാനന്ദം സ്വന്തമാക്കുവാൻ കഴിയൂ. ജോബിൻറെ ജീവിതം ഇതിന് നമുക്ക് വലിയ മാതൃകയാണ്. സഹനങ്ങളുടെ പേമാരി ജീവി തത്തിൽ ഉണ്ടായാലും സർവ്വശക്തൻ തന്നെ കൈവിടുകയില്ല എന്ന ബോധ്യം ജോബിനുണ്ടായിരുന്നു. അതുകൊണ്ടാണ് സഹനങ്ങൾക്ക് നടുവിലും ജോബ് ഇപ്രകാരം പറഞ്ഞത്, 'അവിടുത്തെപ്പറ്റി എത്ര നേരിയ ഒരു സ്വരം മാത്രമാണ് നാം കേട്ടിട്ടുള്ളത്! അവിടുത്തെ ശക്തിയുടെ ഇടിമുഴക്കം ആർക്കു ഗ്രഹിക്കാൻ കഴിയും' (ജോബ് 26, 14). സഹനങ്ങളുടെ നടുവിൽ നിൽക്കുമ്പോഴും ഇപ്രകാരം പ്രാർത്ഥിക്കാൻ കഴിയണമെങ്കിൽ ദൈവത്തിലുള്ള ആശ്രയബോധം ഉണ്ടാ കണം. ഇടുങ്ങിയ വാതിലിന്റെ മഹത്വം ഗ്രഹിക്കാനാകണം.

ഇടുങ്ങിയ വാതിൽ നീതിയുടെ വാതിലാണ്. നിത്യമഹത്വത്തിലേക്കുള്ള വാതിലാണത്. അലക്സാണ്ട്രിയായിലെ വി. സിറിൽ പറയുന്നു, 'വിധി ദിവസം വരെ ഭൂമിയിലെ എല്ലാ യാതനകളും സഹിക്കുന്നതാണ് ശുദ്ധീകരണ സ്ഥല ത്തിൽ ഒരു ദിവസം കഴിയുന്നതിനേക്കാൾ ഭേദം'. നീതിയുടെയും സത്യത്തി ന്റെയും പാതയിലൂടെ സഞ്ചരിക്കുന്നവർക്ക് ഇത് ക്ലേശകരമാണ്. പക്ഷേ, സത്യം വിജയിക്കും എന്നതിൽ സംശയിക്കേണ്ടി വരികയില്ല. സോക്രട്ടീസിൻറെ അരികിൽ ചെന്ന് പറഞ്ഞ സത്യങ്ങളെല്ലാം നുണയാണെന്ന് പറയുവാൻ നിർബ ന്ധിക്കുന്ന പീഡകരോട് സോക്രട്ടീസ് പറയുന്നു, 'നിങ്ങളുടെ നിർബന്ധത്തിന് വഴങ്ങി ഞാൻ സത്യങ്ങൾ മറച്ചുവച്ചാലും അത് സത്യമാകാതിരിക്കുമോ?' ഇന്ന് സത്യസന്ധർ പീഡിപ്പിക്കപ്പെടുന്ന കാലത്താണ് നാം ജീവിക്കുന്നത്. സത്യം മറച്ചുവയ്ക്കുകയെന്നത് വിശാലമായ വാതിലാണ്. എളുപ്പമാണ്. പക്ഷേ, ഒരിക്കൽ അത് പുറത്ത് വരാതിരിക്കുകയില്ല.

സഭ ദൈവത്തിന്റെ പ്രത്യക്ഷരൂപമായി തീരണം

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

എന്റെ വാത്സല്യമുള്ളവരേ, ഇന്ന് ലോകം മുഴുവൻ സാത്താന്റെ ഭയങ്കര മായ ശക്തി കാണുന്നു. ചിന്തിക്കാത്ത അക്രമം; അതായത് ഒരാൾ ഒരു ദിവസം അല്പം കുടിച്ചിട്ട്, കാണുന്നവരെയെല്ലാം തോക്കെടുത്ത് വെടിവയ്ക്കുന്നു. അമേ രിക്കയിൽ സാധാരണ നടക്കുന്ന സംഭവമാണ്. ഒരു കാരണവും വേണ്ട. തന്നെ ത്താനെ ഇരിക്കുമ്പോൾ എനിക്ക് പുറത്തേയ്ക്ക് പോയി കുറേപ്പേരെ വെടിവ യ്ക്കണമെന്ന് തോന്നുക. തോക്കെടുത്ത് വെടിവയ്ക്കുക. ഇതാണ് ചിന്തിക്കാത്ത അക്രമം. സാത്താൻ അവനിൽ പ്രവേശിച്ച് അവനെക്കൊണ്ട് ചെയ്യിക്കുന്നതാ ണ്. അങ്ങനെയുള്ള അനേക തിന്മകൾ അമേരിക്കയിൽ മാത്രമല്ല ഇവിടെയും ഉണ്ടെന്നുള്ളത് നമുക്കൊക്കെ അറിയാവുന്ന കാര്യമാണ്. നമ്മുടെ ആളുകളിലും സാത്താൻ പ്രവേശിച്ച് അനേക തിന്മകൾ ചെയ്യിക്കുന്നു. അങ്ങനെ തിന്മകൾ ചെയ്യിച്ച് സാത്താൻ കൂടുതൽ ശക്തിപ്രാപിക്കുന്ന ഒരു കാലമാണ്.

എന്റെ വാത്സല്യമുള്ളവരേ, സഭ എന്തിനാണ്? ലോകം മുഴുവനും തിന്മയി ലേക്ക് പോകുന്ന സമയത്ത് അതിന്റെ പുറകെ സഭയും പോകാതെ സഭ ദൈവ ഹിതം എന്താണെന്ന് വ്യക്തമാക്കുന്ന ഒരു സമൂഹമായി, ദൈവത്തിന്റെ സ്വർഗ്ഗ ത്തിൽ നിന്നുള്ള ഒരു കോളനിയായി, നന്മയ്ക്ക് വേണ്ടി മാത്രം നിൽക്കുന്ന നേരും നീതിയുമുള്ള സമൂഹമായി, മനുഷ്യസ്നേഹ മുള്ള ഒരു സമൂഹമായി, ദൈവത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്ന ഒരു സമൂഹമാ യി, ഇന്ന് നിലനിന്നെങ്കിൽ മാത്രമേ സാത്താന്റെ ശക്തി നശിച്ചുപോകുകയുള്ളൂ.



എന്റെ വാത്സല്യമുള്ളവരേ, നാം ഓരോ രുത്തരും നീതിയോടും വിശുദ്ധിയോടും വ്യാജം പറയാതെയും മറ്റുള്ളവരെ വഞ്ചിക്കാ തെയും ദ്രവ്യാഗ്രഹം കൊണ്ട് തെറ്റായ കാര്യ ങ്ങൾ ചെയ്യാതെയും ഇനിയും ജീവിച്ചില്ല എങ്കിൽ സാത്താന്റെ ശക്തി വർദ്ധിച്ചുകൊണ്ടിരിക്കും. ഞാനും നേരോടും നീതിയോടും സത്യസന്ധതയോടും ദുരാഗ്രഹമില്ലാതെയും താഴ്മയോടും ജീവി ച്ചെങ്കിൽ മാത്രമേ എന്റെ സഭയ്ക്ക് നന്മയുണ്ടാകുന്നുള്ളു; ഈ ലോകത്തിനു നന്മയുണ്ടാകുന്നുള്ളു. സഭ സഭയായി തീരണം. സഭ ദൈവത്തിന്റെ പ്രത്യക്ഷ രൂപമായി തീരണം. സഭ ക്രിസ്തുവിന്റെ ശരീരമായി, ക്രിസ്തുവിന്റെ സ്വഭാവം ലോകത്തിന് കാണിച്ചു കൊടുക്കണം.

(1994 നവം.2-ന് പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിൽ ചെയ്ത പ്രസംഗം)

Church Calendar

PERSECUTIONS: UNDESIRED BUT MANDATORY FOR ALL

(Sixth Sunday after Pentecost, Luke 6:12-23)



Fr. Sajoie Samuel

"Rejoice ye in that day, and leap for joy: for, behold, your reward is great in heaven: for in the like manner did their fathers unto the prophets." (Luke 6 : 23)

We all look forward to a life full of joy and satisfaction. We would rather be ecstatic in life than be teary eyed in gloom. During birthdays and marriage anniversaries, we wish the celebrant a life of happiness and prosperity. But there is a thumb rule of life that we tend to forget. It is not the days of happiness that strengthen us spiritually, but the moments of hardship. It's like feasting our taste buds with fast food. Home cooked food gives us nutrition, but fast food gives us better taste. In the long run, the former is good rather than the latter.

I. SUFFERING IS A BLESSING FOR THOSE IN SEARCH OF RIGHTEOUSNESS:

Jesus encourages us to rejoice when we face persecution or mistreatment for our faith. It's paradoxical, but our suffering can lead to spiritual growth and a deeper connection with God. When we suffer we are limiting our bonding on earth and strengthening our ties with heaven. That is why Jesus assures us that we will be afflicted for our faith and tribulations will come in search for us. Hence if in those circumstances we try to safeguard our life rather than our faith then we gain our life on earth but lose our life with the heavenly Father.

Hence Jesus cautions His followers that He hasn't come to unite but to divide. He has a sword in hand that would bring peace in heaven. The enmity of others can be a sore trial for our spirits. Cruel reproaches, unjust aspersions, and exclusion from society can cut deep. Yet, in these moments, we find an opportunity for growth. It is this growth that transformed the apostles from being lay men to being martyrs. So they laid the spiritual foundation of the Church that has stood the test of time.

It is not that during our sufferings we are left alone to fend for ourselves. The Holy Trinity equips us with Their divine grace to be strong through these afflictions. Hence we see the presence of an angel in the furnace when Shadrach, Meshrack and Abednego are cast into punishment by the vile king. Our graces, our virtues and character—are most improved during times of suffering. So Jesus comforts His disciples not to worry when they are made to stand in front of their critics with threat to their life. God would do the rest for them.

II. THE REWARD OF PERSECUTION ISN'T EARNED BUT FREELY GIVEN

Human life is beset with problems and afflictions. In the spiritual realm, no persecution suffered by us, goes unnoticed by God. It is accountable. Just as each drop of blood that fell from Jesus' body, broke the shackles of death, similarly each of our afflictions are a foundation for us to achieve eternal life. Jesus promises a great reward in heaven for those who endure persecution. This reward isn't earned but freely given by God. Hence we are encouraged to embrace all problems in life with a smile.

Even when we face hardship, we can find solace in knowing that God's favor rests upon us. The poor, the persecuted, and the faithful have a place in the Kingdom of God. Hence in the parable of the Rich man and Lazarus, after death, Lazarus was in the presence of God whereas the former was in eternal pain. After the afflictions that Jesus went through, He is victorious to all other physical afflictions persecutions that life would hurl at Him.

III. THE ETERNAL ASPECT OF CHRISTIAN AFFLICTIONS

One of the static concepts of that would never endure change is the phenomena of suffering. So we have been pre-warned about the difficulties we would face. When we respond with love and kindness, even in the face of hatred, we mirror God's grace and demonstrate the transformative power of Christ's teachings. In the context of suffering, Jesus challenges us to treat our enemies as we would want to be treated. This would ensure we expedite our cause for salvation. Love cannot prevail in the wake of hatred. Hence hatred should be tackled with love.

Many times we tend to envisage a life devoid of afflictions so as to have a smooth passage in life. But a new born baby has to come out of the womb with tears so as to strengthen his/her survival. Hence, the doctor is forced to make the baby cry so that the tiny tot can endure further afflictions and struggles. Parents send their wards to school knowing the fact that they would have to give exams and that it would take a toll on their life. But still the former take the challenge for the sake of their wards. This strengthens the child to tackle further examinations of greater magnitude like interviews.

When storm clouds rage in the sky, other birds run for cover. But the eagle sours higher into the turbulent skies to be able to command the storm. Henceforth, it is not the storm that commands the eagle, but vice-versa. So rather than praying for a life sans problems, let us pray to God to give us the strength to weather the storms in our life. Problems are anyways an inevitable part of life. So let's embrace it rather than whine over it.

To recapitulate, suffering for righteousness' sake is an opportunity for growth and a sign of God's favor. As we endure, let's keep our eyes on the eternal reward awaiting us in heaven. For the flower to bloom, it has to start it's existence in dark, damp mud only then will it's roots go deep and be able to see the sunshine of tomorrow.

◆